# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

# അന്തിമ രേഖ

## വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ പയ്യമ്പള്ളി വില്ലേജിൽ 400 kV ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ

**കേരള സർക്കാർ റവന്യൂ (ബി) വിഭാഗം ചുമതലപ്പെടുത്തിയത്**

**അർത്ഥനാധികാരി**

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ.എസ്.ഇ.ബി) ലിമിറ്റഡ്, ട്രാൻസ് ഗ്രിഡ് ടി.സി ഡിവിഷൻ, വൈദ്യുതി ഭവൻ, കണ്ണൂർ – 670001**

**ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ**

**സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ കൽപ്പറ്റ, വയനാട്**


**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്**

**രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (ഓട്ടോണോമസ്)**

രാജഗിരി. പി.ഒ., കളമശേരി, പിൻ: 682 104

ഫോൺ: 0484 2911332, 2550785

rajagirisia@gmail.com, admin@rajagiri.edu

www.rajagiri.edu


**21 ഏപ്രിൽ 2025**

## ഉള്ളടക്കം


**അദ്ധ്യായം 1: പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1. പദ്ധതിയും പൊതു ആവശ്യവും

1.2. പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും

1.4. പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6. ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ / സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10. ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം**

3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവര ശേഖരണത്തിനുപയോഗിച്ച മാർഗ്ഗങ്ങൾ സാങ്കേതിക രീതി എന്നിവയെ കുറിച്ചുള്ള വിവരങ്ങളും, ടി മാർഗ്ഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിൻെറ യുക്തിയും.

3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെ ക്കുറിച്ചുമുള്ള അവലോകനം

3.5. തൽപ്പര കക്ഷികളുമായുള്ള കൂടിയാലോചന, പബ്ലിക് ഹിയറങ്ങ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

**അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം**

4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്ത്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം

4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)

4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4. പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം.

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും

4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

4.8. കൈവശ ഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം.

4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും, ഉപയോഗവും

**അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്.**

5.1. കുടുംബങ്ങളുടെ എണ്ണം

5.1.1.പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

## അദ്ധ്യായം 6: സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക രൂപരേഖ (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)

6.1. പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2. വരുമാനവും ദാരിദ്ര്യതലവും

6.3. ദുർബ്ബലജനവിഭാഗം

6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5. പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7. കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8. ഭരണ സംഘടനകൾ

6.9. രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ.

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

**അദ്ധ്യായം 7: സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം**

7.1. ഓരോ പ്രത്യാഘാത ദുരീകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

7.2. സർക്കാതിര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

7.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

7.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 8 :സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതി യുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും**

8.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

8.2. വാർഷിക ബഡ്ജറ്റും ആസൂത്രണ പ്രവർത്തനങ്ങളും

8.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 9: സാമൂഹ്യ പ്രത്യഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും**

9.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

9.2. റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

9.3. സ്വതന്ത്ര വിലയിരുത്തലിനുള്ള പദ്ധതി

**അദ്ധ്യായം 10 : നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ**

10.1. പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

10.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

**അദ്ധ്യായം 11: സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

11.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

11.2. ആഘാതം ഒഴിവാക്കുവാനോ, ലഘൂകരിക്കുവാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

11.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

11.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

11.5. സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

11.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി.

11.7. സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും.

**പട്ടികകൾ**

1.3.1. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം

1.5.1. പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ

1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും

3.1.1. പഠനസംഘം

3.2.1. പഠനത്തിൻെറ വിവിധ ഘട്ടങ്ങൾ

3.5.1: പബ്ലിക് ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടിയും.

5.1.1. ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ

11.6.1. സാമൂഹ്യപ്രത്യാഘാത ലഘൂകരണ പദ്ധതി

# ആമുഖം

സാമൂഹ്യ പ്രവർത്തന വിദ്യാഭ്യാസ രംഗത്ത് തനത് മുദ്രപതിപ്പിച്ചിട്ടുള്ള, എറണാകുളം ജില്ലയിലെ കളമശേരിയിൽ സ്ഥാപിതമായിട്ടുള്ള രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, വിദ്യാഭ്യാസ പ്രവർത്തനങ്ങളോടൊപ്പം, സാമൂഹ്യസേവന പ്രവർത്തനങ്ങളും, വിവിധ വിഷയങ്ങളിലുള്ള ഗവേഷണ പഠനങ്ങളും, പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും ചെയ്തുവരുന്നു. RFCTLARR ACT-2013 അനുസരിച്ച് നടപ്പിലാക്കപ്പെടുന്ന ഭൂമി ഏറ്റെടുക്കൽ പദ്ധതികളുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ അംഗീകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിന് ലഭിച്ചിട്ടുണ്ട്.

2024 ഡിസംബർ 18 തീയതിയിലെ നമ്പർ 4013, വാല്യം 13 കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 11.12.2024 തീയതിയിലെ വിജ്ഞാപനം നമ്പർ G.O.(P) No. 312/2024/RD പ്രകാരം **400 KV ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷൻ നിർമ്മിക്കുന്നതി**ന് വേണ്ടി വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ പയ്യമ്പള്ളി വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്ന പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശ്ശേരിയെ ചുമതലപ്പെടുത്തിയതനുസരിച്ച് നടത്തിയ പഠനത്തിൻെറ അന്തിമ രേഖയാണിത്. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ൻെറ ചട്ടം 15(5) അനുശാസിക്കുന്ന പ്രകാരം **സാമൂഹ്യപ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണവും** പ്രത്യേകം അവസാന അദ്ധ്യായമായി (അദ്ധ്യായം:11) ഉൾപ്പെടുത്തികൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമ രേഖ ഫോറം നമ്പർ 6 ൽ തയ്യാറാക്കിയിട്ടുള്ളത്.

**ഡോ. (ഫാ) സാജു എം.ഡി**
പ്രിൻസിപ്പാൾ & ചെയർപേഴ്സൺ (SIA)

# അദ്ധ്യായം 1

# പഠനത്തിൻെറ സംക്ഷിപ്ത രൂപം

## 1.1. പദ്ധതിയും പൊതു ആവശ്യവും

റോഡുകൾ, റെയിലുകൾ, വൈദ്യൂതി വിതരണ ശൃംഖല എന്നിവ ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനം രാജ്യത്തിൻെറ അഭിവൃദ്ധിയിലേക്കുള്ള ഒരു ചുവട് വെയ്പ്പായി കണക്കാക്കാം. ഇന്ത്യയുടെ ദേശീയ നയവും, 2003 ലെ ഇലക്ട്രിസിറ്റി നിയമവുമെല്ലാം ശക്തവും ഫലപ്രദവുമായ ഒരു പവർ സിസ്റ്റം വികസിപ്പിച്ചെടുക്കുന്നതിന് വേണ്ട ഏകീകരിച്ചതും സംയോജിതവുമായ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതിൻെറ ആവശ്യകതക്ക് ഊന്നൽ നൽകുന്നു. രാജ്യത്തെ ട്രാൻസ്മിഷൻ സിസ്റ്റം, വൈദ്യുതി ശൃംഖലയിലെ ഏത് പ്രദേശത്തേയും, ഏത് അടിയന്തിര ഘട്ടത്തിലേയും ആവശ്യങ്ങൾ നിറവേറ്റുന്നതിന് പ്രാപ്തമായിരിക്കണം. നിലവിലെ ട്രാൻസ്മിഷൻ സിസ്റ്റം, രാജ്യത്തെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഒരു പരിധി വരെ പ്രാപ്തമാണെങ്കിലും, ചില പീക്ക് സമയങ്ങളിലൊ, അടിയന്തിര ഘട്ടങ്ങളിലൊ പലപ്പോഴും ബുദ്ധിമുട്ടുകൾ നേരിടാറുണ്ട്.

കേരളം വൈദ്യുതി ക്ഷാമം നേരിടുന്ന ഒരു സംസ്ഥാനമാണ്. സംസ്ഥാനത്ത് വൈദ്യുതി ആവശ്യകത ദിനം പ്രതി വർദ്ധിച്ച് വരികയാണ്. സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ കാസർകോഡ് ജില്ലയിൽ വരാനിരിക്കുന്ന സോളാർ പവർ പാർക്കുകൾ, കൂടാതെ, ചില സ്വകാര്യ സംഭകർ പ്രൊപ്പോസ് ചെയ്തിട്ടുള്ള സോളാർ പവർ പ്ലാൻറുകൾ എന്നിവ സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന വൈദ്യുതി ക്ഷാമത്തിന് ഒരാശ്വാസമാകുമെന്ന് പ്രതിക്ഷിക്കുന്നു. ഈ പ്ലാൻറുകളിൽ നിന്നെല്ലാമുള്ള വൈദ്യുതിയെ ഇൻറർ സ്റ്റേറ്റ് ട്രാൻസ്മിഷൻ സിസ്റ്റവുമായി (ISTS') ബന്ധിപ്പിക്കുന്നതിനും പ്രസരണ നഷ്ടം കുറക്കുന്നതിനുമായി 400 kV ലെവലിൽ (ഇവാക്വേറ്റ്) ഒഴിപ്പിക്കേണ്ടതുണ്ട്. നിലവിൽ കാസർഗോഡ് നിന്ന് മറ്റ് സ്ഥലങ്ങളിലേക്ക് 400 kV ലെവലിൽ ഒരു ഇൻറർ കണക്ഷൻ ഇല്ല. മൈസൂർ നിന്നും അരീക്കോടേക്കാണ് നിലവിൽ 400 kV ഉള്ളത്. അത് കടന്ന് പോകുന്നത് വയനാടിലൂടെയാണ്. അതിന് വേണ്ടി കാസർഗോഡ് – വയനാട് ജില്ലകൾ തമ്മിൽ ഇൻറർ കണക്ഷൻ സാധ്യമാക്കേണ്ടതുണ്ട്. അതിനാൽ, നല്ല വിശ്വസ്തമായ ഒരു പവർ കോറിഡോർ ആവശ്യമാണ്. ഇന്ത്യ ഗവൺമെൻറിൻെറ സംരംഭമായ ഹരിത ഊർജ്ജ ഇടനാഴി,

സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന പുനരുപയോഗിക്കാവുന്ന ഊർജ്ജത്തെ ദേശീയ ഗ്രിഡിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രകൃതി സൗഹൃദ ഊർജ്ജ ഹൈവേകൾ വികസിപ്പിക്കുന്നു. ഇതിൻെറ ഭാഗമായാണ് നോർത്ത് ഗ്രീൻ കോറിഡോർ പദ്ധതി – കാസർകോഡ് (ചീമേനി) നിന്ന് വയനാടേക്ക് 400 kV കോറിഡോർ നിർമ്മിക്കാൻ പ്രൊപ്പോസ് ചെയ്തിട്ടുള്ളത്. ഇതിൻെറ ഭാഗമായാണ് വയനാട് പയ്യമ്പള്ളിയിൽ 400 kV സബ് സ്റ്റേഷൻ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

പയ്യമ്പള്ളി 400 kV ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി മാനന്തവാടി താലൂക്ക് പയ്യമ്പള്ളി വില്ലേജിൽ നിന്ന് ഏകദേശം 4.9472 ഹെക്ടർ ഭൂമി ഏറ്റെടുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2(1) b പ്രകാരം നിർദ്ദിഷ്ട പദ്ധതി പൊതു ആവശ്യങ്ങളിൽ ഉൾപ്പെടുന്നു.

## 1.2. പദ്ധതി പ്രദേശം

പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലങ്ങൾ വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ ഉൾപ്പെട്ട പയ്യമ്പള്ളി വില്ലേജിൽ നിന്നുള്ള പ്രദേശങ്ങളാണ്. കൂടാതെ, ടി സ്ഥലങ്ങൾ മാനന്തവാടി മുനിസിപ്പൽ കോർപ്പറേഷൻെറ ഡിവിഷൻ 11 ൽ ഉൾപ്പെടുന്നതാണ്.

## 1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും

2024 ഡിസംബർ 18 തീയതിയിലെ കേരള ഗസറ്റിൽ (അസാധാരണം) വാല്യം 13, നമ്പർ 4013, പ്രസിദ്ധപ്പെടുത്തിയ റവന്യൂ (ബി) വകുപ്പിൻെറ ഡിസംബർ 11 തീയതിയിലെ വിജ്ഞാപനം നമ്പർ G.O.(P)No.312/2024/RD പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി, അതായത് 400 കെ.വി ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ ഉൾപ്പെട്ട പയ്യമ്പള്ളി വില്ലേജിൽ നിന്നും ഏകദേശം 4.9472 ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. പ്രസ്തുത വിജ്ഞാപനത്തിൽ ചേർത്തിരിക്കുന്ന സ്ഥല വിവരങ്ങൾ പട്ടിക 1.3.1. ൽ പ്രതിപാദിക്കുന്നു.

**പട്ടിക 1.3.1.: പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം**

**ജില്ല : വയനാട്** **താലൂക്ക് : മാനന്തവാടി**

| **വില്ലേജ്** | **സർവ്വെ നമ്പർ** | **വിസ്തീർണ്ണം** (ഹെക്ടർ) |
|---|---|---|
| പയ്യമ്പള്ളി | 238/4, 238/5, 238/7, 238/2, 238/1, 232/6, 238/10, 241/9, 232/13, 232/17, 232/7, 232/16, 232/15, 232/10, 232/32, 232/8, 241/6, 241/9, 238/5 | 4.9472 |
| **ആകെ** | | 4.9472 ഹെക്ടർ |

## 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

പദ്ധതിക്ക് മറ്റ് മാർഗ്ഗങ്ങൾ പരിഗണിച്ചതായി വിവരങ്ങൾ ലഭിച്ചിട്ടില്ല.

## 1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി പയ്യമ്പള്ളി വില്ലേജിൽ നിന്ന് ഏകദേശം 4.9472 ഹെക്ടർ സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്കും കുടുംബങ്ങൾക്കും വിവിധങ്ങളായ വിപരീത പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ ഇടയുണ്ടെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം മനസിലാക്കുന്നു. പദ്ധതിയുടെ പ്രത്യാഘാതങ്ങൾ വിലയിരുത്തുന്നതിനു വേണ്ടി പഠന സംഘം പദ്ധതി പ്രദേശം സന്ദർശിക്കുകയും ഭൂവുടമകളെ നേരിട്ടും ടെലിഫോൺ മുഖാന്തിരവും ബന്ധപ്പെട്ട് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു. പയ്യമ്പള്ളി വില്ലേജിലെ 14 ഭൂവുടമകളിൽ നിന്നാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം ഇത്തരത്തിൽ വിവരശേഖരണം നടത്തിയത്.

ഭൂമിയുടെ അളവ് കുറയുക/പൂർണ്ണമായി നഷ്ടപ്പെടുക, വീട് നഷ്ടപ്പെടുക, കുടിയൊഴിക്കപ്പെടുക, കൃഷി / മരങ്ങൾ നഷ്ടപ്പെടുക, വരുമാനം, ഉപജീവന മാർഗ്ഗം നഷ്ടപ്പെടുക എന്നിവയാണ് പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖപ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ പൊതുവിൽ ഉണ്ടാകുവാനിടയുണ്ടെന്ന് പഠന സംഘം മനസിലാക്കിയ ഏറ്റവും പ്രധാനപ്പെട്ട സാമൂഹ്യ പ്രത്യാഘാതങ്ങൾ. പഠനത്തിൽ പങ്കെടുത്തവർ നൽകിയ വിവരമനുസരിച്ച് ഓരോ ഭൂവുടമക്കും നേരിടേണ്ടി വരുന്ന പ്രത്യാഘാതങ്ങൾ പട്ടികയായി ചുവടെ ചേർക്കുന്നു.

*പട്ടിക 1.5.1: പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ*

| *ക്രമ നമ്പർ* | *പ്രത്യാഘാതങ്ങൾ* | **ആഘാതബാധിതമാകുന്ന കുടുംബങ്ങളുടെ എണ്ണം** | *വിശദീകരണം* |
|---|---|---|---|
| **ഭൂമി പദ്ധതിബാധിതമാകൽ** | | | |
| 1 | കൈവശഭൂമി അളവ് കുറയൽ/ നഷ്ടമാകൽ | 14 ഭൂവുടമകൾ | • അളവ് കുറയുകയോ, പൂർണ്ണമായി നഷ്ടപ്പെടുകയോ ചെയ്യും. |
| **വീടും അനുബന്ധ സൗകര്യങ്ങൾ / നിർമ്മിതികൾ പദ്ധതി ബാധിതമാകൽ** | | | |
| 2 | വീട് | 4 ഭൂവുടമകൾ | നാല് ഭൂവുടമകളുടെ വീട് പൂർണ്ണമായി ബാധിതമാകും. |
| 3 | അവശ്യ സൗകര്യങ്ങൾ | 2 ഭൂവുടമകൾ | രണ്ട് ഭൂവുടമകളുടെ തുറന്ന കിണർ, കുഴൽ കിണർ, വെള്ള വിതരണ സിസ്റ്റം എന്നിവ ബാധിക്കപ്പെടുന്നു. |
| 4 | മറ്റ് നിർമ്മിതികൾ | 3 ഭൂവുടമകൾ | ചുറ്റുമതിൽ (1), കമ്പി വേലി (3) |
| 5 | കുടിയൊഴിപ്പിക്കപ്പെടൽ | 4 കുടുംബങ്ങൾ | 4 കുടുംബങ്ങൾ കുടിയൊഴിപ്പിക്കപ്പെടാൻ സാധ്യത |
| **കൃഷി /ഫല വൃക്ഷങ്ങൾ / മരങ്ങൾ നഷ്ടമാകൽ** | | | |
| 6 | കൃഷി /ഫല വൃക്ഷങ്ങൾ / മരങ്ങൾ നഷ്ടമാകൽ | 13 ഭൂവുടമകൾ | ▪ കാപ്പി (11), പ്ലാവ് (8), മാവ് (6), വാഴ(7) തേക്ക് (5), കവുങ്ങ് (4), റബ്ബർ (3), തെങ്ങ് (7), കുരുമുളക് (3), പുളി (2), മുരിക്ക് സപ്പോട്ട, മറ്റ് പഴ വർഗ്ഗങ്ങൾ, പപ്പായ-3, തേക്ക്-5, കാപ്പി, തേയില. |
| **ഉപജീവനമാർഗം / വരുമാനം നഷ്ടമാകൽ** | | | |
| 7 | ഉപജീവനമാർഗം നഷ്ടമാകൽ | 6 ഭൂവുടമകൾ | • പദ്ധതിക്കു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പദ്ധതി ബാധിതമാകുന്ന കൃഷി ഭൂമിയിൽ നിന്നും ലഭിച്ചു കൊണ്ടിരുന്ന കുടുംബത്തിൻെറ ഉപജീവനമാർഗം നഷ്ടപ്പെടുമെന്ന് അറിയിച്ചു. |
| 8 | വരുമാനം നഷ്ടമാകൽ | 7 ഭൂവുടമകൾ | • ഭൂമി ഏറ്റെടുക്കുമ്പോൾ ബാധിക്കപ്പെടുന്ന തെങ്ങ്, റബ്ബർ, കാപ്പി, തേയില, മാവ്, പ്ലാവ്, കവുങ്ങ്, തുടങ്ങിയ വിളകളിൽ നിന്നുള്ള വരുമാനം നഷ്ടപ്പെടും. |
| **പ്രവേശനമാർഗം തടസ്സപ്പെടൽ** | | | |
| 9 | നിർമ്മാണ ഘട്ടത്തിൽ പ്രവേശനമാർഗം | | നിർമ്മാണ ഘട്ടത്തിൽ സമീപ പ്രദേശത്ത് താമസിക്കുന്ന വീട്ടുകാർക്ക് തങ്ങളുടെ വീടുകളിലേക്ക് പ്രവേശനം |

| | | | |
|---|---|---|---|
| | തടസ്സപ്പെടൽ | | താൽക്കാലികമായി തടസ്സപ്പെട്ടേക്കാം എന്ന് ആശങ്കപ്പെടുന്നു. |
| **മറ്റ് പ്രത്യാഘാതങ്ങൾ** | | | |
| 10 | ആരോഗ്യ പ്രശ്നങ്ങൾ/അപകട സാധ്യതകൾ | | നിർമ്മാണ ഘട്ടത്തിൽ പൊടിശല്യം, ശബ്ദ മലിനീകരണം എന്നിവയ്ക്കുള്ള സാധ്യ തകൾ |
| 11 | പരിസര മലിനീകരണം | | നിർമ്മാണ മാലിന്യങ്ങൾ മൂലം |
| 12 | പദ്ധതി അനിശ്ചിതത്വം | | പദ്ധതിയുടെ അനിശ്ചിതത്വം മൂലം ചില ഭൂവുടമകൾക്ക് അവരുടെ ഭൂമിയിൽ കൃഷി ചെയ്യാൻ സാധിക്കാതെ വരികയും, ഏകദേശം കുറച്ച് വർഷങ്ങളോളം ഭൂമി തരിശായി കിടക്കുകയും വരുമാനം നഷ്ടപ്പെടുകയും ചെയ്യു. കൂടാതെ, ഒരു ഭൂവുടമ വീട് നിർമ്മിക്കാൻ വാങ്ങിയ ഭൂമി പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കും എന്നറിയി ച്ചതിനെ തുടർന്ന്, ഭൂമി ഏറ്റെടുത്ത് നഷ്ട പരിഹാരം ലഭിക്കുന്ന പണം കൊണ്ട് സ്ഥലം വാങ്ങി വീട് പണിയാം എന്ന വിശ്വാസത്തിൽ വർഷങ്ങളായി വാടകക്ക് താമസിക്കുന്നു. |

### 1.6. ലഘൂകരണ നടപടികൾ

ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, കൂടാതെ കേരള സർക്കാർ റവന്യൂ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD & 29/12/2017 തീയതിയിലെ G.O(Ms)No.448/2017/ RD ) പ്രകാരവും നടപടികൾ കൈക്കൊള്ളേണ്ടതാണ്.

പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം കണ്ടെ

ത്തിയ പ്രത്യാഘാതങ്ങളും, പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും, പ്രത്യാഘാത ലഘൂകരണത്തിനായുള്ള നിർദ്ദേശങ്ങളും പട്ടിക 1.6.1. ൽ നൽകിയിരിക്കുന്നു.

***പട്ടിക 1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും***

| ക്രമ നമ്പർ | സാമൂഹ്യ പ്രത്യാഘാതം | ലഘൂകരണ നടപടി |
|---|---|---|
| 1 | കൈവശഭൂമി നഷ്ടമാകൽ/ അളവ് കുറയൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 2 | വീടുകൾ പദ്ധതിബാധിതമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനരധിവാസവും പുനസ്ഥാപനവും |
| 3 | അവശ്യ സൗകര്യങ്ങൾ നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനരധിവാസവും പുനസ്ഥാപനവും |
| 4 | മറ്റ് നിർമ്മിതികൾ പദ്ധതി ബാധിതമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 5 | ഉപജീവനമാർഗം നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനസ്ഥാപനവും |
| 6 | വരുമാനം നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 7 | കൃഷി നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 8 | ഉപയോഗയോഗ്യമല്ലാത്ത അവശേഷിക്കുന്ന സ്ഥലം | നിജസ്ഥിതി പരിശോധിച്ച് ഏറ്റെടുക്കലിന് പരിഗണിക്കുക |
| 9 | പ്രവേശനമാർഗം നഷ്ടമാകൽ | പദ്ധതി നിർമ്മാണ ഘട്ടത്തിലും നിർവ്വഹണത്തിനു ശേഷവും സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം |
| 10 | പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള ആരോഗ്യപ്രശനങ്ങൾ/ അപകട സാധ്യതകൾ | പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിട യുള്ള പൊടിശല്ല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ട ത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം.നിർമ്മാണ ഘട്ടത്തിൽ തൊഴിലാളി കളുടെയും പ്രദേശ വാസികളുടെയും |

| | | |
|---|---|---|
| | | സുരക്ഷിതത്വം ഉറപ്പ് വരുത്തു ന്നതിന് മതിയായ മുൻകരുതലുകൾ സ്വീകരി ക്കണം |
| **11** | നിർമ്മാണ മാലിന്യങ്ങൾ യഥാസമയം നിർമ്മാർജനം ചെയ്യാതിരിക്കുന്നത് മൂലം ഉണ്ടാകുവാനിടയുള്ള പരിസര മലിനീകരണം | പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ്, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം |
| **12** | വൃക്ഷങ്ങൾ നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം ലഭ്യമാക്കുക. പദ്ധതിക്ക് വേണ്ടി വെട്ടി മാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. |
| **13** | പദ്ധതിയുടെ അനിശ്ചിതത്വം | പദ്ധതിയുടെ അനിശ്ചിതത്വം മൂലം ഭൂവുടമകൾക്ക് ഏതെങ്കിലും വിധത്തിൽ ആഘാതം ഉണ്ടായിട്ടുണ്ടോ എന്ന് വിലയിരുത്തി നഷ്ടപരിഹാര നടപടികളിൽ സാധ്യമായ പരിഗണന നൽകുകയും പദ്ധതിയുടെ തുടർ നടപടികൾ ത്വരിതഗതിയിലാക്കുകയും ചെയ്യുക. പദ്ധതി സമയാധിഷ്ഠിതമായി പൂർത്തീകരിക്കുക |

# അദ്ധ്യായം 2

# പദ്ധതിയുടെ വിശദവിവരങ്ങൾ

### 2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

വയനാട് ജില്ലയിൽ പയ്യമ്പള്ളി വില്ലേജിൽ 400 കെ.വി ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷൻ നിർമ്മാണ പദ്ധതിയുടെ നിർവ്വാഹകരായി സർക്കാർ നിശ്ചയിച്ചിരിക്കുന്നത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ.എസ്.ഇ.ബി) ലിമിറ്റഡ്, ട്രാൻസ് ഗ്രിഡ് ടി.സി ഡിവിഷൻ, വൈദ്യുതി ഭവൻ, കണ്ണൂർ കാര്യാലയത്തെയാണ്. നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 അനുശാസിക്കുന്ന പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർവ്വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ, എൽ.എ. (ജനറൽ), വയനാട് ആയിരിക്കും.

സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ കാസർകോഡ് ജില്ലയിൽ വരാനിരിക്കുന്ന സോളാർ പവർ പാർക്കുകൾ, കൂടാതെ, ചില സ്വകാര്യ സംരംഭകർ പ്രൊപ്പോസ് ചെയ്തിട്ടുള്ള സോളാർ പവർ പ്ലാൻറുകൾ എന്നിവ സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന വൈദ്യുതി ക്ഷാമത്തിന് ഒരാശ്വാസമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പ്ലാൻറുകളിൽ നിന്നുള്ള വൈദ്യുതി 400 kV ലെവലിൽ ഒഴിപ്പിക്കേണ്ടതുണ്ട്. അതിന് വേണ്ടി കാസർഗോഡ് – വയനാട് ജില്ലകൾ തമ്മിൽ ഇൻറർ കണക്ഷൻ സാധ്യമാക്കേണ്ടതുണ്ട്. അത്കൊണ്ട്, കാസർകോഡ് (ചീമേനി) നിന്ന് വയനാടേക്ക് 400 കെ.വി കോറിഡോർ നിർമ്മിക്കാൻ പ്രൊപ്പോസ് ചെയ്തിട്ടുണ്ട്. ഇതിൻെറ ഭാഗമായാണ് വയനാട് പയ്യമ്പള്ളിയിൽ 400 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

### 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

റോഡുകൾ, പാലങ്ങൾ, വൈദ്യുതി നിലയങ്ങൾ, സബ് സ്റ്റേഷനുകൾ തുടങ്ങിയ നിർമ്മിച്ച് വാണിജ്യ ആവശ്യങ്ങൾ, കൃഷി, യാത്രാസൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തുക എന്നത് രാജ്യത്തിൻെറ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിൽ

ഉൾപ്പെടുന്നു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2(1)(b) യിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന പൊതു ആവശ്യങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും ഉൾപ്പെടുന്നു.

**2.3. പദ്ധതിയുടെ സ്ഥലം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ**

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഫോറം നമ്പർ 2 ൽ അർത്ഥനാധികാരി സമർപ്പിച്ച അർത്ഥനാപത്രം അനുസരിച്ച് പദ്ധതിക്ക് വേണ്ടി വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ ഉൾപ്പെട്ട പയ്യമ്പള്ളി വില്ലേജിൽ നിന്നും 4.9472 ഹെക്ടർ സ്ഥലവുമാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്.

നിലവിലെ ഡിസൈൻ പ്രകാരം 400 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്നത് 14 സ്വകാര്യ വ്യക്തികളുടെ ഭൂമിയിലാണ്. കാസർകോഡ് (ചീമേനി) നിന്ന് വയനാടേക്ക് 400 കെ.വി കോറിഡോർ നിർമ്മിക്കാൻ പ്രൊപ്പോസ് ചെയ്തിട്ടുണ്ട്. ഇതിൻെറ ഭാഗമായാണ് വയനാട് പയ്യമ്പള്ളിയിൽ 400 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളത്. നിലവിൽ കേരളം വൈദ്യുതി ക്ഷാമം നേരിടുന്ന ഒരു സംസ്ഥാനമാണ്. സംസ്ഥാനത്ത് വൈദ്യുതി ആവശ്യകത ദിനം പ്രതി വർദ്ധിച്ച് വരികയാണ്. കൂടാതെ, സംസ്ഥാനത്ത് വൈദ്യുതി പ്രസരണത്തിൽ ഓവർ ലോഡ് മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കൂടുതലാണ്. ഈ പ്രശ്നങ്ങൾക്ക് കഴിയുന്നത്ര പരിഹാരം കാണുക എന്നതാണ് നിർദ്ദിഷ്ട പദ്ധതി ലക്ഷ്യം വക്കുന്നത്. നോർത്ത് ഗ്രീൻ കോറിഡോർ പദ്ധതി പൂർത്തികരിക്കുന്നതോട് കൂടി കേരളത്തിൽ വൈദ്യുതി ട്രാൻസ്മിഷനിലുള്ള തിരക്ക് കുറക്കുന്നതിനും, ഏറ്റവും കുറഞ്ഞ റൈറ്റ് ഓഫ് വേ യിൽ ട്രാൻസ്മിഷൻ സിസ്റ്റം വികസിപ്പിക്കുന്നതിൻെറ ഒരു മാതൃക സൃഷ്ടിക്കുന്നതിനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന ഒരു പവർ ഹൈവെ ആയി പ്രവർത്തിക്കുകയും പിന്നീട് നിലവിലുള്ള 400 കെ.വി ലൈനിലൂടെ കോഴിക്കോട്, തൃശൂർ ജില്ലകളേയും ബന്ധിപ്പിക്കുന്നു.

26.08.2022 തീയതിയിലെ പുതുക്കിയ ഭരണാനുമതി പ്രകാരം നോർത്ത് ഗ്രീൻ കോറിഡോർ പദ്ധതിയുടെ തുക 911.80 കോടി രൂപയാണ്. ഇതിൽ പയ്യമ്പള്ളിയിൽ

നിർമ്മിക്കാനുദ്ദേശിക്കുന്ന 400 kV ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷൻെറ ചിലവ് 205.50 കോടിയാണ്.

### 2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

പ്രത്യാഘാതങ്ങൾ കുറവ് വരത്തക്ക വിധത്തിൽ ഏറ്റവും അനുയോജ്യമായ രീതിയിലാണ് നിലവിലെ രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. ഏറ്റവും കുറവ് ഫോറസ്റ്റ് ഭൂമി മാത്രമാണ് പദ്ധതിക്കായി ഉപയോഗിക്കുന്നത്. പദ്ധതിക്ക് മറ്റ് മാർഗ്ഗങ്ങൾ പരിഗണിച്ചതായി വിവരങ്ങൾ ലഭിച്ചിട്ടില്ല.

### 2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

പദ്ധതി ഒറ്റ ഘട്ടത്തിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. രണ്ട് വർഷത്തിൽ പൂർത്തീകരിക്കുന്നതിനാണ് പദ്ധതി പ്ലാൻ ചെയ്യുന്നത്.

### 2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

നോർത്ത് ഗ്രീൻ കോറിഡോർ പ്രൊജക്ട് കാസർകോഡ്, കണ്ണൂർ, വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന ഒരു പവർ ഹൈവെ ആയാണ് വിഭാവനം ചെയ്യുന്നത്. ഇത് പിന്നീട് നിലവിലുള്ള 400 കെ.വി ലൈനുകളിലൂടെ കോഴിക്കോടിനേയും, തൃശൂരിനേയും ബന്ധിപ്പിക്കുകയും അതുവഴി തെക്കൻ കേരളത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു. ഈ പദ്ധതിയുടെ ഭാഗമായ പ്രധാന പ്രവർത്തികൾ / ഘടകങ്ങൾ; 1) വയനാട് പയ്യമ്പള്ളിയിൽ 400 kV ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷൻെറ നിർമ്മാണം; 2) പയ്യമ്പള്ളി 400 kV സബ്സ്റ്റേഷനിൽ നിന്ന് കാസർകോഡ് കരിന്തളം സബ്സ്റ്റേഷനിലേക്ക് 125 കിലോമീറ്റർ 400 കെ.വി ഡി.സി. ട്വിൻ ലൈനിൻെറ നിർമ്മാണം; 3) കനിയമ്പേട്ട – കടക്കോല ലൈനിൽ നിന്ന് പയ്യമ്പള്ളി 400 kV സബ്സ്റ്റേഷനിലേക്ക് 5.25 കിലോമീറ്റർ 220 കെ.വി എം.സി ലൈനിൻെറ നിർമ്മാണം. ഇതിൽ, പയ്യമ്പള്ളിയിൽ 400 kV ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷൻെറ നിർമ്മാണ ത്തിന് വേണ്ടിയാണ് നിലവിൽ ഭൂമിയേറ്റെടുക്കുന്നത്. മൈസൂർ–അരീക്കോട് 400 kV ലൈനിന് സമീപം നിർമ്മിക്കുന്ന 400 kV സബ് സ്റ്റേഷനിൽ നിന്നും അരീക്കോട്, മൈസൂർ, ചീമേനി സബ്സ്റ്റേഷൻ എന്നിവിടങ്ങളിലേക്ക് 2 വീതം 400 kV ഫീഡെഴ്സും കൂടാതെ, നാല് 400/220 kV 167 എം.വി.എ സിംഗിൾ ഫേസ് ട്രാൻസ്ഫോർമർ ബേ കൾ, നാല് 220 kV ഫീഡർ ബേകൾ, മറ്റ് സഹായ സംവിധാനങ്ങൾ എന്നിവ ഉണ്ടാകും.

### 2.7. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

പദ്ധതി നിർമ്മാണ ഘട്ടത്തിൽ പദ്ധതിപ്രദേശത്തുള്ള വസ്തുവകകളിലേക്ക് മതിയായ പ്രവേശനം തടസ്സപ്പെടാത്ത രീതിയിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം.

### 2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

പദ്ധതി നിർമ്മാണത്തിന് മത്സരാധിഷ്ടിത അപേക്ഷകളിൽ നിന്ന് കെ.എസ്.ഇ.ബി ലിമിറ്റഡ് കരാറുകാരനെ നിയമിക്കും. കരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളനുസരിച്ച് കരാറുകാരൻ ജോലികൾ നിർവ്വഹിക്കണം. ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ സാങ്കേതിക വിദഗ്ദ്ധരും അല്ലാത്തവരുമായ തൊഴിലാളികളുടെ സേവനം ഉപയോഗിച്ചായിരിക്കും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

### 2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാതവിലയിരുത്തൽ/സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

പദ്ധതിക്ക് വേണ്ടി പരിസ്ഥിതി പ്രത്യാഘാത പഠനം നടത്തിയിട്ടുണ്ട്. പദ്ധതിക്ക് വേണ്ടി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് നടത്തികൊണ്ടിരിക്കുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമ രേഖയാണ് ഇത്.

### 2.10. ബാധകമായ നിയമങ്ങളും നയങ്ങളും

വയനാട് ജില്ലയിലെ 400 കെ.വി ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷൻ നിർമ്മാണത്തിന് വേണ്ടി മാനന്തവാടി താലൂക്കിൽ ഉൾപ്പെട്ട പയ്യമ്പള്ളി വില്ലേജിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരം, പുനഃരധിവാസം, പുനഃസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങളും നയങ്ങളും ചുവടെ ചേർക്കുന്നു.

- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013
- ❖ കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ–റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ

ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള സംസ്ഥാന സർക്കാരിന്റെ നയം.

- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ(ബി)വകുപ്പിന്റെ 29/12/2017 തീയതിയിലെ G.O(MS) No.448/ 2017/RD പ്രകാരം പുറപ്പെടുവിച്ച സംസ്ഥാന സർക്കാരിന്റെ നയം.
- ❖ വിവരവകാശ നിയമം 2005

# അദ്ധ്യായം 3

## പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

വയനാട് ജില്ലയിൽ 400 കെ.വി ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് വേണ്ടി മാനന്തവാടി താലൂക്കിൽ ഉൾപ്പെട്ട പയ്യമ്പള്ളി വില്ലേജിൽ നിന്നും ഏകദേശം 4.9472 ഹെക്ടർ ഭൂമി, ന്യായമായ നഷ്ടപരിഹാരത്തിനും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ടി നിയമത്തിൻെറ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിനും, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശ്ശേരിയെ ചുമതലപ്പെടുത്തിക്കൊണ്ട് 2024 ഡിസംബർ 18 തീയതിയിലെ കേരള ഗസറ്റിൽ (അസാധാരണം) വാല്യം 13, നമ്പർ 4013, പ്രസിദ്ധപ്പെടുത്തിയ റവന്യു (ബി) വകുപ്പിൻെറ ഡിസംബർ 11 തീയതിയിലെ വിജ്ഞാപനം നമ്പർ G.O.(P)No.312/2024/RD പ്രകാരം ഉത്തരവായിട്ടുണ്ട്. തദനുസൃതമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിൻറ പഠന സംഘം വിവിധ ഘട്ടങ്ങളിലൂടെ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി.

### 3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിൻെറ അദ്ധ്യക്ഷനായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് പ്രിൻസിപ്പലിൻെറ നേതൃത്വത്തിൽ വിവിധ സാമൂഹ്യ-സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും നടത്തിയ അനുഭവസമ്പത്തുള്ള 7 അംഗങ്ങളടങ്ങുന്ന ടീമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനു വേണ്ടിയുള്ള വിവരങ്ങളുടെ ശേഖരണവും വിശകലനവും ഏകോപനവും നടത്തി അന്തിമ രേഖ തയ്യാറാക്കിയത്.

പഠന സംഘത്തിൻെറ വിവരങ്ങൾ പട്ടിക 3.1.1 ൽ നൽകിയിരിക്കുന്നു.

പട്ടിക 3.1.1. പഠന സംഘം

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യത പദവി | പ്രവർത്തന പരിചയം |
|---|---|---|---|
| 1 | ഡോ. ഫാ.സാജു എം. ഡി | എം.എസ്.ഡബ്ല്യു, എം.ഫിൽ, പി.എച്ച്.ഡി.. ചെയർപേഴ്സൺ | അദ്ധ്യാപന ഗവേഷണ മേഖലയിൽ 14 വർഷത്തെ പ്രവർത്തന പരിചയം |
| 2 | ഡോ:ബിനോയ് ജോസഫ് | എം.എ (എച്ച്.ആർ.എം), പി.എച്ച്.ഡി., എൽ.എൽ.ബി കൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 27 വർഷത്തെ പ്രവർത്തന പരിചയം |
| 3 | ഡോ. ഫാ. ഷിൻേറാ ജോസഫ് | എം.എസ്.ഡബ്ല്യു, എം.ഫിൽ, പി.എച്ച്.ഡി. കൺസൾട്ടൻറ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 6 വർഷത്തെ പ്രവർത്തന പരിചയം |
| 4 | മീന കുരുവിള | എം.എസ്.ഡബ്ല്യു, കൺസൾട്ടൻറ് | വികസനമേഖലയിൽ 37 വർഷത്തെ പ്രവർത്തന പരിചയം |
| 5 | ബിജു സി.പി. | ബി.എ, ഡെവലപ്പ്മെൻറ് ഓഫീസർ | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം |
| 6 | വിനയൻ വി എസ്സ് | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 20 വർഷത്തെ പ്രവർത്തന പരിചയം |
| 7 | ഫിലോമിന കെ.എ. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 30 വർഷത്തെ പ്രവർത്തന പരിചയം |

### 3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവര ശേഖരണത്തിനുപയോഗിച്ച മാർഗ്ഗങ്ങൾ സാങ്കേതിക രീതി എന്നിവയെ കുറിച്ചുള്ള വിവരങ്ങളും, ടി മാർഗ്ഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിൻെറ യുക്തിയും.

പദ്ധതി ബാധിത കുടുംബങ്ങൾക്കും വ്യക്തികൾക്കും പദ്ധതി മൂലമുണ്ടായേക്കാവുന്ന വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക കൂടാതെ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനാവശ്യമായ വിവരശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്.

പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം,

പദ്ധതി ബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിത കുടുംബങ്ങളിൽ ബന്ധപ്പെട്ടും കൂടാതെ പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാൽ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതിയെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ 09.01.2025 തീയതിയിൽ പദ്ധതി പ്രദേശം സന്ദർശിക്കുകയും, പഠനത്തിന് വേണ്ടി തയ്യാറാക്കിയ ചോദ്യാവലി പരിശോധിച്ച് സ്ഥിരീകരിക്കുകയും ചെയ്തു. ഏറ്റെടുക്കുന്ന വസ്തുവിന്റെ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിന്റെ സാമ്പത്തിക-സാമൂഹിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും കുടുംബങ്ങൾക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു. തുടർന്ന് പദ്ധതി ബാധിതരാകുന്ന ഭൂവുടമകളുടെ ഭവന സന്ദർശനം നടത്തി ടി ചോദ്യാവലി ഉപയോഗിച്ച് അഭിമുഖം നടത്തി വിവരങ്ങൾ ശേഖരിച്ചു.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ അർത്ഥനാധികാരിയായ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ.എസ്.ഇ.ബി) ലിമിറ്റഡ്, ട്രാൻസ് ഗ്രിഡ് ടി.സി ഡിവിഷൻ, വൈദ്യുതി ഭവൻ, കണ്ണൂർ കാര്യാലയത്തിൽ നിന്നും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുമായി ബന്ധപ്പെട്ട വിവരങ്ങൾ സ്പെഷ്യൽ തഹസിൽദാർ എൽ.എ. (ജനറൽ), വയനാട് കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നിയമപരമായ ചട്ടക്കൂടുകളും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാര നടപടികളെക്കുറിച്ചും പഠനസംഘം മനസ്സിലാക്കി.

സാമൂഹ്യ സാമ്പത്തിക സർവ്വെയിലൂടെയും അഭിമുഖത്തിലൂടെയും ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് ക്രോഡീകരിച്ച് തയ്യാറാക്കിയ സാമൂഹ്യ

പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ പദ്ധതി ബാധിത കുടുംബങ്ങൾക്ക് മുൻകൂട്ടി അറിയിപ്പ് നൽകി സംഘടിപ്പിച്ച പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിച്ച് വിശകലനം ചെയ്തു. പബ്ലിക് ഹിയറിങ്ങിൽ പദ്ധതി ബാധിതർ ഉന്നയിച്ച അഭിപ്രായങ്ങളും ആശങ്കകളും ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടിയും കൂടി ഉൾപ്പെടുത്തികൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമരേഖ തയ്യാറാക്കിയിരിക്കുന്നത്.

**പട്ടിക 3.2.1. പഠനത്തിൻെറ വിവിധ ഘട്ടങ്ങൾ**

| തീയതി | ഘട്ടങ്ങൾ |
|---|---|
| **18.12.2024** | പഠനം നടത്തുന്നതിന് കളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിനെ വിജ്ഞാപനം കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചു. |
| **09.01.2025** | പദ്ധതി പ്രദേശത്ത് സംയുക്ത സന്ദർശനം, ചോദ്യാവലി പരിശോധന & പദ്ധതി ബാധിത കുടുംബങ്ങളിൽ സാമൂഹ്യ-സാമ്പത്തിക സർവെ |
| **13.01.2025** | ടെലഫോൺ മുഖാന്തിരം പദ്ധതി ബാധിത കുടുംബങ്ങളിൽ സാമൂഹ്യ-സാമ്പത്തിക സർവെ |
| **14.01.2025** | പ്രാഥമിക & ദ്വിതീയ വിവരങ്ങൾ വിശകലനം ചെയ്യൽ |
| **25.03.2025** | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം - കരട് റിപ്പോർട്ട് തയ്യാറാക്കൽ |
| **10.04.2025** | പബ്ലിക് ഹിയറിങ്ങ് |
| **17.04.2025** | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം - അന്തിമരേഖ തയ്യാറാക്കൽ |

### 3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാൽ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതിയെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്. ആയതിനാൽ പഠന സംഘം പദ്ധതി പ്രദേശം മുഴുവനായും സന്ദർശിക്കുകയും പദ്ധതി ബാധിതരാകുന്ന 14 ഭൂവുടമകളെ കണ്ടെത്തുകയും, അവരിൽ നിന്ന് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു.

## 3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെയും കുറിച്ചുള്ള അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് പ്രാഥമിക വും ദ്വിതീയവുമായ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതി ബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിത കുടുംബങ്ങളിൽ ബന്ധപ്പെട്ടും പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. കൂടാതെ, പബ്ലിക് ഹിയറിങ്ങിൽ നിന്ന് ലഭിച്ച വിവരങ്ങൾ ഇതോടൊപ്പം കൂട്ടിച്ചേർത്തിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങളും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ റവന്യൂ രേഖ പ്രകാരമുള്ള വിവരങ്ങളുമാണ് പഠനത്തിന് ആവശ്യമായ ദ്വിതീയ വിവരങ്ങൾ. അർത്ഥ നാധികാരിയായ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ.എസ്.ഇ.ബി) ലിമിറ്റഡ്, ട്രാൻസ് ഗ്രിഡ് ടി.സി ഡിവിഷൻ, വൈദ്യുതി ഭവൻ, കണ്ണൂർ കാര്യാലയത്തിൽ നിന്നും സ്പെഷ്യൽ തഹസിൽദാർ, എൽ.എ. (ജനറൽ), വയനാട് കാര്യാലയത്തിൽ നിന്നുമാണ് ദ്വിതീയ വിവരങ്ങൾ ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനു മുള്ള അവകാശ നിയമവും അതിൻെറ വെളിച്ചത്തിൽ സംസ്ഥാന ഗവൺമെൻറ് കാലാകാലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ചട്ടങ്ങളും നയങ്ങളും പരിശോധിച്ചു.

**പട്ടിക 3.4.1.: പഠനത്തിനുപയോഗിച്ച വിവരങ്ങൾ, വിവര സ്രോതസുകൾ.**

| തരം | വിവരങ്ങൾ | സ്രോതസ്സ് |
| --- | --- | --- |
| **പ്രാഥമിക വിവരങ്ങൾ** | പദ്ധതി പ്രത്യാഘാതങ്ങൾ, പ്രദേശത്തിൻെറ പ്രത്യേകതകൾ, ഭൂമിയുടെ നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ | • പദ്ധതിബാധിത പ്രദേശം സന്ദർശനവും നിരീക്ഷണവും<br>• പദ്ധതിബാധിതരാകുന്ന ഭൂവുടമകളും അല്ലാത്തവരുമായ കുടുംബങ്ങളിൽ നിന്ന് സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം.<br>• പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം |

| | | |
|---|---|---|
| **ദ്വിതീയ വിവരങ്ങൾ** | പദ്ധതിയുമായ് ബന്ധപ്പെട്ട വിവരങ്ങൾ<br>ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ റവന്യൂ രേഖ പ്രകാരമുള്ള വിവരങ്ങൾ | • കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ.എസ്.ഇ.ബി) ലിമിറ്റഡ്, ട്രാൻസ് ഗ്രിഡ് ടി.സി ഡിവിഷൻ, വൈദ്യുതി ഭവൻ, കണ്ണൂർ കാര്യാലയം.<br>• സ്പെഷ്യൽ തഹസിൽദാർ, എൽ.എ. (ജനറൽ), വയനാട് |

### 3.5. തത്പര കക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

*പഠനവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ നടപടികളുടെ ചുരുക്കം:*

- അർത്ഥനാധികാരിയിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും ലഭിച്ച വിവരങ്ങളുടെ പഠനം
- പദ്ധതി പ്രദേശത്ത് സന്ദർശനം
- പദ്ധതിബാധിത കുടുംബങ്ങളിൽ സർവ്വെ
- സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് രേഖ തയ്യാറാക്കലും പ്രസിദ്ധപ്പെടുത്തലും
- പബ്ലിക് ഹിയറിംഗ്
- സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ അന്തിമ രേഖ തയ്യാറാക്കലും പ്രസിദ്ധപ്പെടുത്തലും

***പബ്ലിക് ഹിയറിങ്ങ്***

വയനാട് ജില്ലയിൽ 400 kV ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ഹോസ്ദുർഗ് താലൂക്കിൽ ഹോസ്ദുർഗ് വില്ലേജിൽ നിന്നുമായി ഏകദേശം 4.9472 ഹെക്ടർ സ്ഥലം ന്യായമായ നഷ്ട പരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ടി നിയമത്തിന്റെ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തിയതിന്റെ ഭാഗമായി, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസ ത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശചട്ടങ്ങൾ 2015 ചട്ടം 14 അനുശാസിക്കുന്ന പ്രകാരം 10.04.2025 തീയതി പയ്യമ്പിള്ളി ഐക്യദീപം വായനശാല ഹാളിൽ വച്ച് പബ്ലിക് ഹിയറിങ്ങ് നടത്തി.

പകൽ 10.30 ന് മൗന പ്രാർത്ഥനയോടെ ആരംഭിച്ച ചടങ്ങിൽ ശ്രീ.ബിജു സി.പി, ഡവലപ്പ്മെൻറ് ഓഫീസർ, എസ്.ഐ.എ.യൂണിറ്റ്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് പബ്ലിക് ഹിയറിംഗിൽ പങ്കെടുത്ത ജനപ്രതിനിധികളേയും, ഉദ്യോഗസ്ഥരേയും, പദ്ധതി ബാധിതരേയും സ്വാഗതം ചെയ്തു. ശ്രീമതി. മീന കുരുവിള, കൺസൽട്ടൻറ്, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശ്ശേരി പബ്ലിക് ഹിയറിങ്ങിൻെറ ഉദ്ദേശ്യത്തെക്കുറിച്ച് വിശദീകരിക്കുകയും, പബ്ലിക് ഹിയറിങ്ങിൻെറ ഏകോപനം നിർവ്വഹിക്കുകയും ചെയ്തു. ശ്രീ. ജേക്കബ് സെബാസ്റ്റ്യൻ, മാനന്തവാടി മുനിസിപ്പാലിറ്റി വൈസ് ചെയർമാൻ, പബ്ലിക് ഹിയറിങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.




ശ്രീ. ജേക്കബ് സെബാസ്റ്റ്യൻ, മാനന്തവാടി മുനിസിപ്പാലിറ്റി വൈസ് ചെയർമാൻ




ശ്രീമതി. മീന കുരുവിള, ചെയർ പേഴ്സൺ, എസ്.ഐ.എ യൂണിറ്റ്




ശ്രീ.ബിജു സി.പി, എസ്.ഐ.എ കോർഡിനേറ്റർ

പദ്ധതിയുടെ അനിശ്ചിതത്വം മൂലം ഭൂവുടമകൾക്കും പ്രദേശത്തെ കാർഷിക മേഖലക്കും ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളെ കുറിച്ചും ഉദ്ഘാടന പ്രസംഗത്തിൽ ശ്രീ. ജേക്കബ് സെബാസ്റ്റ്യൻ സൂചിപ്പിച്ചു. ശ്രീ.മത്തായി. ഇ, ഐക്യദീപം വായനശാല പ്രസിഡൻറ്, ശ്രീ. സിനീഷ് ജോസഫ്, വില്ലേജ് ഓഫീസർ, പയ്യമ്പള്ളി എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.




ശ്രീ.മത്തായി. ഇ, ഐക്യദീപം വായനശാല പ്രസിഡൻറ്




ശ്രീ. സിനീഷ് ജോസഫ്, വില്ലേജ് ഓഫീസർ, പയ്യമ്പള്ളി ……….




ശ്രീ വിനയൻ വി.എസ്, റിസേർച്ച് അസോസിയേറ്റ്

ശ്രീ വിനയൻ വി.എസ്, റിസേർച്ച് അസോസിയേറ്റ്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശ്ശേരി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ അവതരിപ്പിച്ചു. പിന്നീട് പദ്ധതിബാധിതർ പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കൽ നടപടികളെക്കുറിച്ചും തങ്ങൾക്കുള്ള അഭിപ്രായങ്ങളും ആശങ്കകളും പങ്കു വച്ചു.





പദ്ധതിബാധിതർ ആശങ്കകൾ പങ്കുവക്കുന്നു







പദ്ധതിബാധിതർ ആശങ്കകൾ പങ്കുവക്കുന്നു







പദ്ധതിബാധിതർ ആശങ്കകൾ പങ്കുവക്കുന്നു




ശ്രീ. റെനൊ കുമാർ കെ.ജി, വാല്യുവേഷൻ അസിസ്റ്റൻറ്, സ്പെഷ്യൽ തഹസീൽദാർ (എൽ.എ)




ശ്രീ. അമർനാഥ് പി.ബി, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

തുടർന്ന്, ശ്രീ. റെനൊ കുമാർ കെ.ജി, വാല്യുവേഷൻ അസിസ്റ്റൻറ്, സ്പെഷ്യൽ തഹസീൽദാർ (എൽ.എ), ജനറൽ ഓഫീസ്, കൽപ്പറ്റ, ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട വിഷയങ്ങളിലും, കെ.എസ്.ഇ.ബി, ട്രാൻസ്ഗ്രിഡ് ഡിവിഷൻ, കണ്ണൂരിൽ നിന്നും അസിസ്റ്റൻറ് എക്സിക്യൂട്ടിവ് എഞ്ചിനീയർ ശ്രീ. മണികണ്ഠൻ പി, ട്രാൻസ്ഗ്രിഡ് സബ് ഡിവിഷൻ, ഇരിട്ടിയിൽ നിന്നും അസ്സിസ്റ്റൻറ് എക്സിക്യൂട്ടിവ് എഞ്ചിനീയർ ശ്രീ.അമർനാഥ് പി.ബി, 400 kV സബ് സ്റ്റേഷൻ

നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങളിലും, അലൈൻമെൻറ്മായി ബന്ധപ്പെട്ട വിഷയങ്ങളിലും, പദ്ധതിയുടെ അനിശ്ചിതത്വവുമായി ബന്ധപ്പെട്ട വിഷയങ്ങളിലും ജനങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകി. തദ്ദവസരത്തിൽ പദ്ധതിയുടെ സാങ്കേതിക വശങ്ങളേക്കുറിച്ചും ഭൂമി ഏറ്റെടുക്കൽ നടപടികളെ കുറിച്ചും ഉദ്യോഗസ്ഥർ വിശദീകരിച്ചു.

യോഗത്തിൽ പങ്കെടുത്ത ഭൂവുടമകളും ജനപ്രതിനിധികളും ഉൾപ്പെടെ എല്ലാവരും തന്നെ ന്യായമായ നഷ്ടപരിഹാരം നൽകി, അർഹരായവരെ പ്രത്യേകിച്ച് പദ്ധതിയുടെ അനിശ്ചിതത്വം മൂലം കാർഷികപരമായും സാമ്പത്തികമായും ബുദ്ധിമുട്ടനുഭവിച്ച് കൊണ്ടിരിക്കുന്ന പാവപ്പെട്ട പദ്ധതി ബാധിത കുടുംബങ്ങളെ ശരിയായ രീതിയിൽ പുനരധിവസിപ്പിക്കണമെന്ന നിർദ്ദേശമാണ് പ്രധാനമായും മുന്നോട്ട് വച്ചത്. നിലവിലെ അലൈൻമെൻറ് പ്രകാരം ഏറ്റെടുക്കലിന് ശേഷം ഉപയോഗ ശൂന്യമാകുന്ന ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ഉണ്ടാവണമെന്ന അഭിപ്രായവും പബ്ലിക് ഹിയറിങ്ങിൽ ഉയർന്നുവന്നു. പദ്ധതിയോട് എല്ലാവരും അനുകൂല മനോഭാവമാണ് പ്രകടിപ്പിച്ചെങ്കിലും, പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളും നഷ്ടപരിഹാരം നൽകുന്നതും കാലതാമസം കൂടാതെ എത്രയും പെട്ടെന്ന് നടപ്പിലാക്കണം എന്നതാണ് ഭൂവുടമകൾ പബ്ലിക് ഹിയറിങ്ങിൽ മുന്നോട്ടു വച്ച പ്രധാന ആവശ്യം. കുമാരി ജൈത്ര. ജെ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസി ൻെറ നന്ദി പ്രസംഗത്തോട് കൂടി കൃത്യം 12.30 ന് യോഗം അവസാനിച്ചു.

**പട്ടിക 3.5.1:** 10.04.2025 തീയ്യതി പയ്യമ്പിള്ളി ഐക്യദീപം വായനശാല ഹാളിൽ വച്ച് നടന്ന പബ്ലിക് ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ **(കെ.എസ്.ഇ.ബി.എൽ)** നൽകിയ മറുപടിയും.

| **ക്രമ നമ്പർ** | **ചോദ്യകർത്താവിൻെറ പേര് /സർവ്വെ നമ്പർ** | **ചോദ്യം/ആശങ്ക** | **ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടി (കെ.എസ്.ഇ.ബി.എൽ)** |
|---|---|---|---|
| 1 | മറിയാമ്മ ഏലിയാസ്സ് ന് വേണ്ടി മകൻ നിഷാന്ത് ഏലിയാസ്<br><br>(238/4, 238/5) | മോളി ചാത്തോളിലിൻേറത് മാത്രമാണ് കുടിയൊഴിപ്പിക്കപ്പെടും എന്ന് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത് എന്നാൽ ഞങ്ങളുടേയും, ഷാജി പള്ളിച്ചാംകുടിയുടേയും, ചന്ദ്രൻേറയും, കാരിക്കോട്ടിൽ മറിയാമ്മ ഏലിയാസിൻേറയും കുടുംബങ്ങൾ കുടിയൊഴിപ്പിക്കപ്പെടുന്നുണ്ട്.<br><br>ഏറ്റെടുക്കപ്പെടുന്ന സ്ഥലം കൂടാതെ, പ്രദേശത്ത് ഞങ്ങൾക്ക് 70 സെൻറ് വയലുണ്ട്. സഹോദരിമാരുടെ പേരിൽ 2 ഏക്കറിനടുത്ത് വയൽ വേറെയുമുണ്ട്. ഈ പദ്ധതി വന്ന് കഴിഞ്ഞാൽ ഈ സ്ഥലം കൊണ്ട് ഞങ്ങൾക്ക് ഉപയോഗമുണ്ടാവില്ല. ഇതിലേക്ക് വഴിയൊ, വാഹന സൗകര്യമൊ ഉണ്ടാകില്ല. മാത്രമല്ല പദ്ധതി പ്രദേശത്ത് വലിയ മഴ പെയ്ത് കഴിഞ്ഞാൽ, ആ മഴ വെള്ളം മുഴുവൻ ഈ വയലിലേക്കാകും വരുന്നത്. അത്കൊണ്ട് ഈ ഭൂമി കൃഷിക്ക് ഉപയോഗിക്കാൻ പറ്റില്ല. അതിനാൽ ഈ സ്ഥലം കൂടി ന്യായമായ വില തന്ന് ഏറ്റെടുക്കണം.<br><br>9 വർഷത്തോളമായി പദ്ധതിയുടെ അനിശ്ചിതത്വം | അന്തിമ രേഖയിൽ തിരുത്തിയിട്ടുണ്ട്.<br><br>സ്ഥലത്തെ ഭൂപ്രകൃതിക്കിണങ്ങുന്ന രീതിയിൽ കരഭൂമി മാത്രം ഉപയോഗപ്പെടുത്തി അത്യാധുനിക സംവിധാനത്തോട് കൂടിയുള്ള ഗ്യാസ് ഇൻസുലേറ്റഡ് സ്വിച്ച് ഗിയർ ഇൻഡോർ സബ്സ്റ്റേഷനാണ് ഇവിടെ വിഭാവനം ചെയ്തിട്ടുള്ളത്. കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന നിലവിലുള്ള വഴിയും, വാഹന സൗകര്യവും നിലനിർത്തുകയോ അല്ലെങ്കിൽ സമാന്തര വഴി സൗകര്യം ഏർപ്പെടുത്തുകയോ ചെയ്യുന്നതാണ്. പദ്ധതി പ്രദേശത്ത് മഴ പെയ്യുമ്പോൾ നിലവിൽ ലഭിക്കുന്നതിനേക്കാൾ കൂടുതലായി മഴവെള്ളം വരുവാൻ സാധ്യതയില്ല. പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് എത്രയും പെട്ടെന്ന് സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ട് |

| | | | |
|---|---|---|---|
| | | തുടങ്ങിയിട്ട്. ഒന്നേക്കാൽ ഏക്കർ ഭൂമിയും ഒരു വീടുമാണ് ഉള്ളത്. കൃഷി മാത്രമാണ് വരുമാന മാർഗ്ഗം. ഏകദേശം 5 വർഷം മുമ്പ് കെ.എസ്.ഇ.ബി യുടെ ഉദ്യോഗസ്ഥർ ഭൂമി ഉടനെ ഏറ്റെടുക്കുമെന്നും, ഭൂമിക്ക് ഒരു വില തന്ന് മൊത്തമായാണ് ഏറ്റെടുക്കുന്നത് എന്നും, അതിലെ ആദായമൊന്നും നോക്കേണ്ട എന്നും പറഞ്ഞു. അത്കൊണ്ട് തന്നെ കൃഷിക്ക് വേണ്ടിയുള്ള ചിലവ് ചുരുക്കലിന്റെ ഭാഗമായി അതിലെ പണി കുറച്ചു. ഏകദേശം 10 ലക്ഷം രൂപയുടെ വരുമാനം ലഭിച്ചിരുന്ന കൃഷിയും സ്ഥലവും പൂർണ്ണമായും നഷ്ടപ്പെടുന്നു. കൃഷിയാണ് ഉപജീവന മാർഗ്ഗം. ഇപ്പോൾ ജപ്തിയിൽ എത്തി നിൽക്കുന്ന സ്ഥിതിയും ഉണ്ട്. എത്രയും പെട്ടെന്ന് സ്ഥലമേറ്റെടുത്ത് മാന്യമായ നഷ്ട പരിഹാരം ലഭ്യമാക്കണം. | പോകുന്നതിനാണ് കെ.എസ്.ഇ.ബി.എൽ ഉദ്ദേശിക്കുന്നത്. |
| 2 | ഷാജി, പള്ളിച്ചാംകുടി, ഏലമ്മ എന്നിവർക്ക് വേണ്ടി ഏലമ്മ (238/1, 232/6, 81/10, 238/10) | വീടും സ്ഥലവും പോകുന്നു. പദ്ധതിയുടെ അനിശ്ചിതത്വം കാരണം കൃഷി ചെയ്യാൻ സാധിക്കാതെ, കൃഷിയും നഷ്ടപ്പെട്ടു. ഇതു കൂടി കണക്കിലെടുത്തുകൊണ്ടുള്ള നഷ്ട പരിഹാരം ലഭ്യമാക്കണം.<br><br>ഏറ്റെടുക്കുന്ന സ്ഥലം കൂടാതെ പ്രദേശത്ത് 25 സെൻറ് വയലുണ്ട്. പ്രദേശത്ത് നിന്ന് കുടിയൊഴിക്കപ്പെടുന്ന തിനാൽ, ഈ വയൽ കൊണ്ട് പ്രയോജനമില്ല. | എത്രയും പെട്ടെന്ന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിയാണ് കെ.എസ്.ഇ.ബി.എൽ സ്വീകരിക്കുന്നത്.<br><br>ക്രമ നമ്പർ (1) ൽ മറുപടി പറഞ്ഞിരിക്കുന്നത് പ്രകാരം വയൽ ഭൂമി ഏറ്റെടുക്കാൻ നിർവ്വാഹമില്ല. |
| 3 | ചന്ദ്രൻ | ഇവിടെ വന്ന് സ്ഥലം വാങ്ങിയിട്ട് 5 വർഷമായി. വീട് | LARR Act 2013 അനുശാസിക്കുന്ന |

| | | | |
|---|---|---|---|
| | വെള്ളിലാംകുന്നിലിന് വേണ്ടി ഭാര്യ വിലാസിനി (238/7) | പണി പൂർത്തീകരിച്ച് താമസം തുടങ്ങിയിട്ട് ഒരു വർഷമെ ആയിട്ടുള്ളു. അത് പോകുന്നതിൽ വിഷമമുണ്ട്. പെട്ടെന്ന് പോകാൻ പറയരുത്. മറ്റൊരു വീട് കണ്ട് പിടിക്കുന്നതിന് സാവകാശം തരണം. ന്യായമായ വിലയും ലഭിക്കണം. | സാവകാശവും ന്യായമായ വിലയും ലഭ്യമാക്കുന്നതാണ്. |
| 4 | മറിയത്തിന് വേണ്ടി ഭർത്താവ് തൊമ്മൻ (232/13) | പദ്ധതിക്ക് വേണ്ടി ഭാര്യയുടെ പേരിലുള്ള സ്ഥലം ഏറ്റെടുക്കുമ്പോൾ ബാക്കി വരുന്ന എന്റെ (തൊമ്മൻ) പേരിലുള്ള 5 സെൻറ് സ്ഥലത്തേക്ക് പ്രവേശന മാർഗ്ഗമില്ലാതാകുന്നതിനാൽ അത് കൂടി ഏറ്റെടുത്ത് ന്യായമായ നഷ്ടപരിഹാരം ലഭ്യമാക്കണം. | പ്രസ്തുത സ്ഥലത്തേക്ക് അനുയോജ്യമായ നടപ്പാത അനുവദിക്കുന്നതാണ് |
| 5 | ഷൈനി മാത്യു (241/9) | ഇരിട്ടിയിലെ പരിസ്ഥിതി ലോല പ്രദേശത്ത് നിന്ന് വീട് വച്ച് മാറി താമസിക്കുന്നതിന് വേണ്ടിയാണ് ഇവിടെ സ്ഥലം വാങ്ങിയത്. പദ്ധതിയുടെ അനിശ്ചിതത്വം കാരണം വീട് വക്കാൻ സാധിക്കാതെ ഇപ്പോൾ വാടകക്ക് താമസിക്കുന്നു. വാടകക്ക് താമസിക്കുന്ന തിനാൽ വലിയ ചിലവാണ് ഉണ്ടായി കൊണ്ടിരിക്കുന്നത്. അതിനാൽ ദ്രുത ഗതിയിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ച് മാന്യമായ നഷ്ട പരിഹാരവും ലഭ്യമാക്കണം.<br><br>സ്ഥലം വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനും 5 വർഷം മുമ്പുള്ളതിനേക്കാൾ വലിയ ചിലവാണ് നിലവിലുള്ളത്. അത് കൂടി കണക്കിലെടുത്ത് വേണം നഷ്ട പരിഹാരം കണക്കാക്കാൻ. | എത്രയും പെട്ടെന്ന് ഭൂമി ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനവുമായി മുന്നോട്ട് പോവാനാണ് കെ.എസ്.ഇ.ബി.എൽ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| 6 | സാബു.കെ.ഫിലിപ്പ്<br>232/15 † 232/32 | റിപ്പോർട്ടിൽ ബാബു.കെ.ഫിലിപ്പ് എന്നത് സാബു.കെ.ഫിലിപ്പ് എന്ന് തിരുത്തിയെഴുതണം.<br><br>റോഡിനോട് ചേർന്നുള്ള സ്ഥലമാണ്. പവർ ഗ്രിഡിന് വേണ്ടി 2006 ൽ ഭൂമി ഏറ്റെടുത്തതിൻെറ ഫൈനൽ നഷ്ട പരിഹാരം ഇതുവരെ ലഭ്യമായിട്ടില്ല. കോടതിയിൽ പോയപ്പോൾ സ്ഥലത്തിന് ഡിമിനിഷിങ്ങ് വാല്യുവാണ് അനുവദിച്ച് തന്നത്. അത് കൺസിഡർ ചെയ്യാതെ ഇപ്പോഴത്തെ ഭൂമി ഏറ്റെടുക്കലിന് നഷ്ട പരിഹാരം നിലവിലെ ബേസ് വാല്യു അനുസരിച്ച് ലഭിക്കണം.<br><br>ബാക്കി വരുന്ന ഭൂമി കൂടി ഏറ്റെടുക്കണമെന്ന് പറയുന്നുണ്ട്. എത്ര അളവ് വരെ ബാക്കി വരുന്ന ഭൂമി സർക്കാരിന് അങ്ങനെ ഏറ്റെടുക്കാൻ സാധിക്കും. | അന്തിമ രേഖയിൽ തിരുത്തിയിട്ടുണ്ട്.<br><br>നിയമാനുസൃതമായി ന്യായമായ നഷ്ട പരിഹാരം ഉറപ്പ് വരുത്തുന്നതാണ്.<br><br>ക്രമ നമ്പർ (1) ൽ മറുപടി പറഞ്ഞിരിക്കുന്നത് പ്രകാരം ആവശ്യത്തിന് മാത്രം കരഭൂമി ഉപയോഗപ്പെടുത്തി അത്യാധുനിക രീതിയിലുള്ള ഇൻഡോർ സബ്സ്റ്റേഷനാണ് നിർമ്മിക്കുന്നത്. ആയതിനാൽ തന്നെ അധിക ഭൂമി ഏറ്റെടുക്കേണ്ടതായിട്ടില്ല. |
| 7 | മോളി ചാത്തോളിൽ | പുതിയ വീടാണ് നഷ്ടപ്പെടുന്നത്. കടവും ലോണും എടുത്ത് പണിത വീടാണ്. താമസമാക്കിയിട്ട് 4 വർഷമെ ആയിട്ടുള്ളു. ഇപ്പോൾ ജപ്തിയുടെ വക്കിലാണ്. വീടിനും എല്ലാ ആദായങ്ങൾക്കും സ്ഥലത്തിനും മാന്യമായ നഷ്ട പരിഹാരം ലഭിക്കണം. നഷ്ട പരിഹാരം പൂർണ്ണമായി ലഭ്യമാക്കിയതിന് ശേഷമെ ഇവിടെ നിന്ന് പോകാൻ സാധിക്കുകയുള്ളു. | നിയമം അനുശാസിക്കുന്ന സാവകാശവും ന്യായ വിലയും ഉറപ്പ് വരുത്തുന്നതാണ്.<br><br>. |
| 8 | ബോബിൻ ബോസ്<br>232/15 † 232/32 | കൃഷി സ്ഥലമാണ് ബാധിക്കപ്പെടുന്നത്. ഇപ്പോഴത്തെ സാഹചര്യത്തിൽ കാർഷിക നാണ്യവിളകൾക്കെല്ലാം നല്ല വിലയുണ്ട്. എന്നാൽ പദ്ധതിയുടെ അനിശ്ചിതത്വം മൂലം | എത്രയും പെട്ടെന്ന് സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | എല്ലാ പദ്ധതി ബാധിതരുടേയും ജീവനോപാദികൾ നിലച്ച് പോകുന്ന സാഹചര്യമാണ് പദ്ധതി പ്രഖ്യാപിച്ചത് മുതൽ ഉണ്ടായിട്ടുള്ളത്. അത് കൊണ്ട് എത്രയും പെട്ടെന്ന് ഭൂമി ഏറ്റെടുത്ത് നഷ്ട പരിഹാരം നൽകുന്നതിനുള്ള നടപടികൾ തുടങ്ങേണ്ടതാണ്. | |

# അദ്ധ്യായം 4

# സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

## 4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം

വയനാട് ജില്ലയിൽ പയ്യമ്പള്ളി വില്ലേജിൽ 400 കെ.വി ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷൻ നിർമ്മിക്കുക എന്നതാണ് നിലവിലെ പദ്ധതി. മാനന്തവാടി നഗര സഭയുടെ ഡിവിഷൻ 11 ൽ ഉൾപ്പെട്ട സ്ഥലമാണ് പദ്ധതിക്കായി ഏറ്റെടുക്കുന്നത്. വയനാട് ജില്ലയിലെ ഒരു പ്രധാന നഗരമാണ് മാനന്തവാടി. പുരാതന കാലത്ത് വയനാടിൻെറ ആസ്ഥാനമായിരുന്നു മാനന്തവാടി. സമുദ്ര നിരപ്പിൽ നിന്ന് ഏകദേശം 2570 അടി ഉയരത്തിൽ ഡക്കാൻ പീഠഭൂമിയുടെ ഭാഗമായി സ്ഥിതി ചെയ്യുന്ന കുന്നുകളും താഴ്വരകളും വയലേലകളും ഇടകലർന്ന മനോഹരമായ ഭൂപ്രകൃതിയുള്ള സ്ഥലമാണ് മാനന്തവാടി നഗരസഭ. 1935 ലാണ് മാനന്തവാടി പഞ്ചായത്ത് രൂപീകൃതമാവുന്നത്. കണിയാരം, ഒഴക്കോടി പ്രദേശങ്ങൾ അന്നത്തെ പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്നില്ല. പിന്നീടാണ് കൂട്ടിച്ചേർക്കലുകൾ നടത്തിയത്. 2015 ജനുവരി 14 ന് മാനന്തവാടിയെ നഗരസഭയാക്കി ഉയർത്തി. നഗരസഭയുടെ അതിരുകൾ വടക്ക് തിരുനെല്ലി പഞ്ചായത്തും തെക്ക് കിഴക്ക് ഭാഗങ്ങളിൽ കബനി നദിയും പടിഞ്ഞാറ് തവിഞ്ഞാൽ പഞ്ചായത്തുമാണ്.

## 4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

*(ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)*

പദ്ധതി നിലവിൽ വരുമ്പോൾ പദ്ധതിക്ക് വേണ്ടി വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ ഉൾപ്പെട്ട പയ്യമ്പള്ളി വില്ലേജിൽ നിന്ന് 4.9472 ഹെക്ടർ സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്കും ഏതാനും കുടുംബങ്ങൾക്കും വിവിധങ്ങളായ വിപരീത പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ ഇടയുണ്ടെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം മനസിലാക്കുന്നു. സ്ഥലം, മരങ്ങൾ, കൃഷി, വരുമാനം, ഉപജീവന മാർഗ്ഗം എന്നിവയാണ് പദ്ധതി ബാധിത കുടുംബങ്ങൾക്ക് പ്രധാനമായും ബാധിക്കപ്പെടുന്നത്. പദ്ധതി മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ അദ്ധ്യായം 1 ൽ 1.5 ൽ വിശദമായി നൽകിയിട്ടുണ്ട്.

### 4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

പദ്ധതിയുടെ അർത്ഥനാധികാരിയായ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ.എസ്.ഇ.ബി) ലിമിറ്റഡ്, ട്രാൻസ് ഗ്രിഡ് ടി.സി ഡിവിഷൻ, വൈദ്യുതി ഭവൻ, കണ്ണൂർ സമർപ്പിച്ച അർത്ഥനാപത്രത്തിൽ 4.9472 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നതായി പറയുന്നത്. പദ്ധതിക്ക് ആവശ്യമായ സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നതിന് അടയാളപ്പെടുത്തിയിരിക്കുന്നത് എന്ന് പദ്ധതി പ്രദേശം സന്ദർശിച്ചതിന്റെ വെളിച്ചത്തിൽ പഠന സംഘം വിലയിരുത്തുന്നു.

### 4.4. പദ്ധതി ബാധിത പ്രദേശത്തിന്റെ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിന്റെ നിലവിലെ ഉപയോഗം

ഏറ്റെടുക്കുന്ന ഭൂമിക്ക് സമീപത്തായി മറ്റൊരു സ്ഥലവും പൊതുവിനിയോഗത്തിലുള്ള തായി ബോധ്യപ്പെട്ടിട്ടില്ല.

### 4.5 നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിന്റെയും പദ്ധതിപ്രകാരമുള്ള ഉപയോഗം

പദ്ധതിക്ക് വേണ്ടി നേരത്തേ ഭൂമി വാങ്ങുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല.

### 4.6. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ ഗുണവും പ്രദേശവും

നാളത് ഭൂസ്ഥിതി പ്രകാരം വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ ഉൾപ്പെട്ട പയ്യമ്പള്ളി വില്ലേജിൽ നിന്നും ഏറ്റെടുക്കുന്ന 4.9472 ഹെക്ടർ ഭൂമി പുരയിടം വിഭാഗത്തിൽ ഉൾപ്പെടുന്നു. കൂടാതെ, പദ്ധതി പ്രദേശങ്ങൾ മാനന്തവാടി മുനിസിപ്പാലിറ്റിയുടെ ഡിവിഷൻ 11 ൽ ഉൾപ്പെടുന്ന സ്ഥലങ്ങളാണ്. ബസ് റൂട്ട് സൗകര്യം കുറവുള്ള പ്രദേശമാണെങ്കിലും, ഏറ്റെടുക്കുന്ന സ്ഥലം ഏറെക്കുറെ അടിസ്ഥാന സൗകര്യങ്ങളുടെയെല്ലാം പ്രാപ്യതയുള്ളതാണ്. കൃഷിയാണ് ഇവിടത്തെ പ്രധാന തൊഴിൽ മേഖല. കാപ്പിയാണ് ഇതിൽ പ്രധാനം. റബ്ബർ, തേയില, ഇഞ്ചി തുടങ്ങിയവും മാവ്, പ്ലാവ്, തെങ്ങ് തുടങ്ങിയ ഫല വൃക്ഷങ്ങളും ഇവിടെ ധാരാളമുണ്ട്. കിണർ, കുഴൽ കിണർ, കുളം തുടങ്ങിയവയിൽ നിന്നുള്ള വെള്ളം ഉപയോഗിച്ചാണ് പ്രധാനമായും കൃഷിക്ക് ജലസേചനം നടത്തുന്നത്.

## 4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

വിജ്ഞാപനം ചെയ്യപ്പെട്ട സർവ്വെ നമ്പറുകളുടെ 14 ഉടമകളെയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തി സർവ്വെ ചെയ്തത്. ടി ഉടമകളിൽ നിന്ന് ലഭിച്ച വിവരമനുസരിച്ച്, പദ്ധതിബാധിത ഭൂമിയുടെ തരം, പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം എന്നീ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**പദ്ധതിബാധിത ഭൂമിയുടെ തരം**

സർവ്വെയിൽ പങ്കെടുത്ത് ഇതുമായി ബന്ധപ്പെട്ട് വിവരം നൽകിയ ഭൂവുടമകൾ എല്ലാം തന്നെ തങ്ങളുടെ സ്ഥലം പുരയിടം വിഭാഗത്തിൽ ഉൾപ്പെടുന്നതാണെന്ന് അറിയിച്ചു.

**പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം**

പദ്ധതി ബാധിതമാകുന്ന സ്ഥലങ്ങളുടെ നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ, ഒരു ഭൂവുടമ വഴിയായും, 5 ഭൂവുടമകൾ താമസത്തിനായും, മറ്റ് 8 ഭൂവുടമകൾ കൃഷിക്ക് മാത്രമായും ഉപയോഗിച്ചു വരുന്ന സ്ഥലമാണ് ഏറ്റെടുക്കുന്നത്. കാപ്പി, റബ്ബർ, തേയില, ഇഞ്ചി, തെങ്ങ്, കവുങ്ങ്, വാഴ, മാവ്, പ്ലാവ്, തുടങ്ങിയവയാണ് പ്രധാന വിളകൾ. പ്രദേശത്തെ കിണർ, കുഴൽ കിണർ, കുളം തുടങ്ങിയവയിൽ നിന്നുള്ള വെള്ളമാണ് ജലസേചനത്തിനായി പ്രധാനമായും ആശ്രയിക്കുന്നത്.

## 4.8. കൈവശ ഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിന്റെ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സർവ്വെ നമ്പറുകളിലുള്ള, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തിയ 14 ഭൂവുടമകളിൽ 12 ഉടമകളുടേത് വ്യക്തിഗത ഉടമസ്ഥതയിലുള്ള സ്ഥലമാണ്. എന്നാൽ, മറ്റ് 2 സ്ഥലങ്ങൾ കൂട്ടുടമസ്ഥതയിലുള്ളതാണ്. നിർദ്ദിഷ്ട സ്ഥലങ്ങൾ ഉടമകൾക്ക് കൈവശമായ രീതി പരിശോധിക്കുമ്പോൾ, ഭൂരിഭാഗം പേരും (10) ഇത് മറ്റൊരാളിൽ നിന്ന് വാങ്ങിയതാണ്. ബാക്കി നാല് ഭൂവുടമകൾക്ക് ഇത് പാരമ്പര്യമായി ലഭിച്ചതാണ്.

പദ്ധതിബാധിതരാകുന്ന ഭൂവുടമകളിൽ 5 ഉടമകൾ പ്രസ്തുത സ്ഥലം താമസത്തിനും കൃഷിക്കുമായി ഉപയോഗിക്കുന്നു. ഇതിൽ 4 വീടുകൾ പദ്ധതിബാധിതമാകുന്നുണ്ട്. പദ്ധതിബാധിതമാകുന്ന വീടുകളുടെ വിവരങ്ങൾ പട്ടിക 4.8.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.8.1 പദ്ധതിബാധിതമാകുന്ന വീടുകൾ**

| ക്രമ നമ്പർ | ഉടമയുടെ പേര് | ആഘാതം | വിവരണം |
|---|---|---|---|
| 1 | മറിയാമ്മ ഏലിയാസ് | പൂർണ്ണമായും | കുടുംബം താമസിക്കുന്നു |
| 2 | ചന്ദ്രൻ വെള്ളിലാംകുന്നിൽ, 9961621255 | പൂർണ്ണമായും | കുടുംബം താമസിക്കുന്നു |
| 3 | ഷാജി, പള്ളിച്ചാംകുടി, 8921071813 | പൂർണ്ണമായും | കുടുംബം താമസിക്കുന്നു |
| 4 | മോളി, ചാത്തോളിൽ, 9526017950 | പൂർണ്ണമായും (കുടിയൊഴിപ്പിക്കപ്പെടും) | കുടുംബം താമസിക്കുന്നു |

**ഉടമകൾക്ക് പദ്ധതി പ്രദേശത്ത് കൈവശമായ ഭൂമിയുടെ അളവ്**

പദ്ധതിബാധിതരാകുന്ന 8 ഭൂവുടമകൾക്ക് പദ്ധതിപ്രദേശത്ത് കൈവശമായ ഭൂമിയുടെ അളവ് ഒരേക്കറിനും മുകളിലാണ്. ഇതിൽ നാല് ഏക്കറിനും മുകളിലുള്ള ഒരു ഭൂവുടമയും ഉൾപ്പെടും. മൂന്ന് ഭൂവുടമകൾക്ക് 80 സെൻറിനും ഒരു ഏക്കറിനും ഇടയിൽ കൈവശ ഭൂമിയുണ്ട്. എന്നാൽ മറ്റ് 3 ഭൂവുടമകൾക്ക് 5 സെൻറിനും 30 സെൻറിനും ഇടയിൽ മാത്രമാണ് പദ്ധതി പ്രദേശത്തെ കൈവശ ഭൂമി.

**4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും**

സർവ്വെയിൽ ലഭ്യമായ വിവരമനുസരിച്ച് പദ്ധതി ബാധിതമാകുന്ന ഭൂവുടമകളിൽ, മറിയാമ്മ ഏലിയാസ് എന്ന ഒരു ഭൂവുടമ ഒഴികെ, മറ്റൊരു ഭൂവുടമയുടെ ഭൂമിയിലും കഴിഞ്ഞ 3 വർഷക്കാലമായി ഭൂമി കൈമാറ്റമോ മറ്റ് വ്യവഹാരങ്ങളോ നടന്നിട്ടില്ല. മറിയാമ്മ ഏലിയാസ് കഴിഞ്ഞ 3 വർഷത്തിനുള്ളിൽ 15 സെൻറ് സ്ഥലം വിറ്റിട്ടുണ്ട്.

# അദ്ധ്യായം – 5

# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

കരിന്തളം 400 kV സബ്സ്റ്റേഷനും, വയനാട് ജില്ലയിലൂടെ പോകുന്ന 400 kV മൈസൂർ–അരീക്കോട് ലൈനും ലിങ്ക് ചെയ്യുന്നതിനും കാസർഗോഡ്, വയനാട് ജില്ലകളിൽ ഉത്പാദിപ്പിക്കുന്ന പുനരുത്പാദന ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള എനർജി ഒഴിപ്പിക്കുന്നതിനും വേണ്ടിയുള്ള ഇൻറർ സ്റ്റേറ്റ് ട്രാൻസ്മിഷൻ സിസ്റ്റത്തിൻെറ (ISTS) ഭാഗമായി വയനാട്, കാസർഗോഡ് ജില്ലകൾക്കിടയിൽ ഒരു ഹരിത ഹൈവേ സ്ഥാപിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വിഭാവനം ചെയ്യുന്ന നോർത്ത് ഗ്രീൻ കോറിഡോർ പ്രോജക്ടിൻെറ ഒരു ഘടകമായ വയനാട്, പയ്യമ്പള്ളി, 400 kV ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻെറ നിർമ്മാണ പദ്ധതിക്ക് വേണ്ടി മാനന്തവാടി താലൂക്കിൽ പയ്യമ്പള്ളി വില്ലേജിൽ നിന്ന് ഏകദേശം 4.9472 ഹെക്ടർ സ്ഥലം ഏറ്റെടുക്കുമ്പോൾ പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളുടെ വിവരങ്ങളും അവർക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

### 5.1. കുടുംബങ്ങളുടെ എണ്ണം

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകളെ പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരായും വഴിക്കോ മറ്റേതെങ്കിലും അടിസ്ഥാനസൗകര്യങ്ങൾക്ക് വേണ്ടിയോ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായും കാണേണ്ടതാണ്.

#### 5.1.1. പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ

*(ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)*

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി മാനന്തവാടി മുനിസിപ്പാലിറ്റിയിൽ ഡിവിഷൻ 11 ൽ നിന്നായി ഏകദേശം 4.9472 ഹെക്ടർ സ്ഥലം ഏറ്റെടുക്കുമ്പോൾ പ്രസ്തുത സ്ഥലങ്ങളുടെ 14 ഉടമകളെയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം

കണ്ടെത്തിയത്. പ്രസ്തുത ഉടമകളുടെ പേരും ഓരോരുത്തർക്കും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും പട്ടിക 5.1.1ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.1.1 ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ**

| ക്രമ നമ്പർ | ഉടമയുടെ പേരും അഡ്രസ്സും | സർവ്വെ നമ്പർ | പ്രത്യാഘാതം |
|---|---|---|---|
| 1 | മറിയാമ്മ ഏലിയാസ്,<br>കാരിക്കോട്ടിൽ വീട്, പയ്യമ്പള്ളി,<br>പി.ഒ മാനന്തവാടി | 238/4,<br>238/5 | ▪ വീട് പൂർണ്ണമായും,<br>▪ കുടിയൊഴിപ്പിക്കപ്പെടും<br>▪ കുഴൽ കിണർ, കിണർ, വെള്ളം വിതരണ സിസ്റ്റം,<br>▪ പ്ലാവ്–250, മാവ്–50, വാഴ–30, തേക്ക്–25, കവുങ്ങ്–150, കാപ്പി–425, പപ്പായ–3, തെങ്ങ്–20, സപ്പോട്ട–1, കുരുമുളക്–250, മറ്റ് പഴ വർഗ്ഗങ്ങൾ–10<br>▪ ഉപജീവന മാർഗ്ഗം (കൃഷി) |
| 2 | ചന്ദ്രൻ<br>വെള്ളിലാംകുന്നിൽ, പയ്യമ്പള്ളി<br>പി.ഒ, 9961621255 | 238/7 | ▪ വീട് പൂർണ്ണമായും,<br>▪ കുടിയൊഴിപ്പിക്കപ്പെടും<br>▪ പ്ലാവ്–10, തേക്ക്–5, കാപ്പി, മുരിക്ക്<br>▪ കാപ്പി കൃഷിയിൽ നിന്നുള്ള വരുമാനം |
| 3 | അപ്പു എന്ന മാത്യു S/O<br>ജോസഫ്, കുടക്കച്ചിറ,<br>9535733200 | 48/821 | ▪ കൃഷി (റബ്ബർ, കാപ്പി, പുളി, തെങ്ങ്, വാഴ), കമ്പിവേലി<br>▪ കൃഷിയിൽ നിന്നുള്ള വരുമാനം |
| 4 | ഫിലിപ്പ് (അപ്പു), കുടക്കച്ചിറ,<br>പയ്യമ്പള്ളി, 9562625119 | 241/6 | ▪ സ്ഥലം പൂർണ്ണമായി,<br>▪ റബ്ബർ, തേക്ക്–4, പ്ലാവ്–6, കടപ്ലാവ്, മാവ്, കശുമാവ്, കാപ്പി, തെങ്ങ്, കൊടി, പുളിവരം, വാഴ<br>▪ ഉപജീവന മാർഗ്ഗം (കൃഷി) |
| 5 | ബോബിൻ ബോസ് കെ &<br>ബിന്ദു.കെ വർക്കി, | 232/15 &<br>232/32 | ▪ സ്ഥലം പൂർണ്ണമായി,<br>▪ റബ്ബർ, തേക്ക്–4, പ്ലാവ്–6, |

| | | | |
|---|---|---|---|
| | കറുത്തേടത്ത് വീട്, പയ്യമ്പള്ളി പി.ഒ, 9496727317 | | കടപ്ലാവ്, മാവ്, കശുമാവ്, കാപ്പി, തെങ്ങ്, കൊടി, പുളിവരം, വാഴ<br>▪ ഉപജീവന മാർഗ്ഗം (കൃഷി) |
| 6 | ഷൈനി മാത്യു w/o ആൻറണി തിരുവാമുറിയിൽ, ശാന്തിഗിരി പി.ഒ, വയനാട്, 8113050067 | 241/9 | ▪ പ്ലാവ്-10, തേക്ക്-5, കാപ്പി<br>▪ കാപ്പി കൃഷിയിൽ നിന്നുള്ള വരുമാനം |
| 7 | സുനിൽ കുമാർ കെ, അനുഗ്രഹ (അനർഗ) നിവാസ്, പയ്യമ്പള്ളി, 9495724774, | 35/2 | ▪ കൃഷി സ്ഥലം † കമ്പി വേലി<br>▪ കാപ്പി, വട്ട, മഹാഗണി<br>▪ കാപ്പി കൃഷിയിൽ നിന്നുള്ള വരുമാനം |
| 8 | ഷാജി, പള്ളിച്ചാംകുടി, പയ്യമ്പള്ളി, മാനന്തവാടി 8921071813 | 238/1, 232/6 | ▪ വീട് പൂർണ്ണമായും,<br>▪ കുടിയൊഴിപ്പിക്കപ്പെടും<br>▪ കുഴൽ കിണർ, കിണർ, വെള്ളം വിതരണ സിസ്റ്റം,<br>▪ കാപ്പി-350, തെങ്ങ്-35, മാവ്-35, വാഴ-50, പ്ലാവ്-50, കവുങ്ങ്-350, തേക്ക്-20, കശുമാവ്-8, മഹാഗണി-15 ഉപജീവന മാർഗ്ഗം (കൃഷി) |
| 9 | പൈലി (late), or ഏലമ്മ പള്ളിച്ചാംകുടി മുതൽപ്പേർ, പയ്യമ്പള്ളി, മാനന്തവാടി, 8921071813 | 81/10, 238/10 | ▪ കാപ്പി, തെങ്ങ്, മാവ്, വാഴ, പ്ലാവ്, കവുങ്ങ്, തേക്ക്,<br>▪ ഉപജീവന മാർഗ്ഗം (കൃഷി) |
| 10 | സോബിൻസ് ജോസ്, ചാത്തോളിൽ, പയ്യമ്പള്ളി, 9526017950/9961144945 | 241/14, 241/13 | ▪ സ്ഥലം മാത്രം (വഴി) |
| 11 | മോളി, ചാത്തോളിൽ, പയ്യമ്പള്ളി, 9526017950 | 232/16, 232/17 | ▪ വീട് പൂർണ്ണമായും നഷ്ടപ്പെടും<br>▪ കുടിയൊഴിപ്പിക്കപ്പെടും,<br>▪ മാവ്-15, പ്ലാവ്-15, പടുമരങ്ങൾ-15, തെങ്ങ്-15, കവുങ്ങ്-8, കശുമാവ്-6, കാപ്പി-450, പുളി, സപ്പോട്ട, കുരുമുളക്-30, വാഴ, |

| | | | |
|---|---|---|---|
| | | | ▪ ഉപജീവന മാർഗ്ഗം നഷ്ടപ്പെടും |
| 12 | മറിയം w/o തൊമ്മൻ തറപ്പേൽ, 9544667025 | 232/13 | ▪ റബ്ബർ–250, തേയില–275, കുരുമുളക്–100, വാഴ–150, പാഴ്മരങ്ങൾ–50<br>▪ കൃഷിയിൽ നിന്നുള്ള വരുമാനം |
| 13 | വർഗ്ഗീസ്, കാരിക്കോട്ടിൽ ഹൗസ്, രാമമംഗലം പി.ഒ, എറണാകുളം. | 238/2 | ▪ പ്ലാവ്–30, സിൽവർ ഓക്ക്–150, കാപ്പി–600, തെങ്ങ്–4, മാവ്–20, പലവക വൃക്ഷങ്ങൾ–30<br>▪ കൃഷിയിൽ നിന്നുള്ള വരുമാനം<br>▪ ഭൂമി പൂർണ്ണമായും ഏറ്റെടുക്കണം |
| 14 | ബാബു.കെ ഫിലിപ്പ്, കുടക്കച്ചിറ വീട്, മലപ്പറമ്പ്, കോഴിക്കോട്–678009 | 232/8 | ▪ സ്ഥലം പൂർണ്ണമായി<br>▪ കമ്പിവേലി, ചുറ്റുമതിൽ<br>▪ കൃഷി (ഇഞ്ചി) പൂർണ്ണമായി<br>▪ കൃഷിയിൽ നിന്നുള്ള വരുമാനം നഷ്ടമാകും |

**5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ**

പട്ടിക വർഗ്ഗ/ആദിവാസി വിഭാഗത്തിൽ പെട്ട ചന്ദ്രൻ, വെള്ളിലാം കുന്നിൽ എന്ന വ്യക്തി ഏകദേശം 6 വർഷങ്ങൾക്ക് മുമ്പ് വാങ്ങിയ 11 സെൻറ് ഭൂമിയിൽ നിന്നും, സ്ഥലവും വീടും പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടപ്പെടുന്നുണ്ട്.

**5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതു മൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

കുടുംബങ്ങൾ ഉപജീവനത്തിനായി ഉപയോഗിക്കുന്ന പൊതുവിഭവങ്ങൾ പദ്ധതി പ്രദേശത്തില്ല

**5.4 കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

സർക്കാർ നൽകിയിട്ടുള്ള സ്ഥലങ്ങൾ പദ്ധതി പ്രദേശത്തില്ല

**5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

ഏറ്റെടുക്കപ്പെടുന്ന നഗര പ്രദേശത്ത്, പദ്ധതി ബാധിതമാകുന്ന കുടുംബങ്ങളിൽ പട്ടയമില്ലാതെ താമസിക്കുന്നവരില്ല.

**5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

മൂന്ന് വർഷത്തിലധികമായി ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ കൃഷിയെ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന 6 കുടുംബങ്ങൾക്ക് ഉപജീവന മാർഗ്ഗം നഷ്ടപ്പെടും.

**5.6.1. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക**

കാപ്പി, തേയില, വാഴ, കുരുമുളക്, പ്ലാവ്, മാവ്, കവുങ്ങ്, റബ്ബർ, തെങ്ങ്, പുളി, തേക്ക്, മുരിക്ക് സപ്പോട്ട, മറ്റ് പഴ വർഗ്ഗങ്ങൾ, പപ്പായ തുടങ്ങിയ ഫലവൃക്ഷങ്ങൾ ഉൾപ്പടെയുള്ള വിവിധ വിളകൾ പദ്ധതി ബാധിതമാകുന്നുണ്ട്.

# അദ്ധ്യായം 6

# സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

പദ്ധതിബാധിത കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക സ്ഥിതിയെ കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സാമ്പത്തിക സ്ഥിതി, പദ്ധതിബാധിത കുടുംബങ്ങളുടെ ഇടയിലുള്ള ദുർബല ജനവിഭാഗം, പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ, ജീവനോപാധി ബാധിതമായ കുടുംബങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ സാമൂഹ്യവത്കരണം എന്നിവയും അനുബന്ധ വിവരങ്ങളുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തി യിരിക്കുന്നത്.

### 6.1 പദ്ധതി പ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലങ്ങൾ വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ ഉൾപ്പെട്ട മാനന്തവാടി മുനിസിപ്പാലിറ്റിയിൽ ഡിവിഷൻ 11 ൽ നിന്നുള്ള പ്രദേശങ്ങൾ ആണ്. പദ്ധതി പ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ പരിശോധിക്കുമ്പോൾ, 2011 സെൻസക്സ് പ്രകാരം മാനന്തവാടി മുനിസിപ്പാലിറ്റിയിൽ 47,974 അംഗങ്ങളാണ് ഉള്ളത്. ഇതിൽ 48.9 ശതമാനം പുരുഷന്മാരും 51.1 ശതമാനം സ്ത്രീകളുമാണ്. പട്ടിക വർഗ്ഗ ജനസംഖ്യ 15.6 ശതമാനവും പട്ടിക ജാതി ജനസംഖ്യ 3.5 ശതമാനവും മാത്രമാണ്.

സാമൂഹ്യാഘാത പഠന സർവ്വെയിൽ പങ്കെടുത്ത 14 ഭൂവുടമകളിൽ, അഞ്ച് ഭൂവുടമകൾ മാത്രമാണ് പദ്ധതി ബാധിത പ്രദേശത്ത് താമസിക്കുന്നത്. ഭൂവുടമകളുടെ സാമൂഹ്യ പശ്ചാത്തലം പരിശോധിച്ചാൽ, സർവ്വെയിൽ പങ്കെടുത്തവരിൽ 12 കുടുംബങ്ങളും ക്രിസ്ത്യൻ വിഭാഗത്തിലും, മറ്റ് രണ്ട് കുടുംബങ്ങൾ ഹിന്ദു വിഭാഗത്തിലും ഉൾപ്പെടുന്നു. കൂടാതെ, 9 കുടുംബങ്ങൾ പൊതു വിഭാഗത്തിലും, ഒരു കുടുംബം പട്ടിക വർഗ്ഗ വിഭാഗത്തിലും, മറ്റൊരു കുടുംബം മറ്റ് പിന്നോക്ക വിഭാഗത്തിലും ഉൾപ്പെടുന്നു. മൂന്ന് കുടുംബങ്ങൾ ഇതുമായി ബന്ധപ്പെട്ട് വിവരം നൽകിയിട്ടില്ല. കൃഷിയാണ് കുടുംബങ്ങളുടെ പ്രധാന തൊഴിൽ മേഖല. സ്വകാര്യ സ്ഥാപനത്തിലെ ജോലി, കൂലിപ്പണി, റിട്ടയേഡ് ഉദ്യോഗസ്ഥൻ, എന്നിവയാണ് ഈ കുടുംബങ്ങളിലെ മറ്റ് തൊഴിൽ മേഖലകൾ.

### 6.2. വരുമാനവും ദാരിദ്ര്യതലവും

ലഭ്യമായ വിവരം അനുസരിച്ച്, സർവ്വെയിൽ പങ്കെടുത്ത ഭൂരിഭാഗം ഭൂവുടമകളും (10) ദാരിദ്ര്യ രേഖക്ക് മുകളിലുള്ള കുടുംബങ്ങൾക്കുള്ള വെള്ള (5) / (5) നീല റേഷൻ കാർഡാണ് കൈവശം വച്ചിരിക്കുന്നത്. എന്നാൽ, ഒരു കുടുംബത്തിൻേറത് ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്കുള്ള പിങ്ക് കളർ റേഷൻ കാർഡാണ്. മറ്റ് 3 കുടുംബങ്ങൾ ഇതുമായി ബന്ധപ്പെട്ട് വിവരം നൽകിയിട്ടില്ല.

### 6.3. ദുർബലജനവിഭാഗം

പദ്ധതി ബാധിത ഭൂവുടമകളുടെ കുടുംബാംഗങ്ങളിൽ നല്ലൊരു ശതമാനം (38%) 60 വയസ്സിന് മുകളിലുള്ളവർ ആണ്. കൂടാതെ, 20 ശതമാനം കുടുംബാംഗങ്ങൾ 18 വയസ്സിൽ താഴെയുള്ളവരുമാണ്.

### 6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ, 5 ഭുവുടമകൾ സ്ഥലം താമസത്തിനും കൃഷിക്കുമായി ഉപയോഗിക്കുന്നു. എന്നാൽ 8 ഭൂവുടമകൾ കൃഷിക്ക് മാത്രമായാണ് പദ്ധതി ബാധിത ഭൂമി ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഒരു ഭൂവുടമയുടെ സ്ഥലം വഴിയായി ഉപയോഗിക്കുന്നതാണ്. ഭൂമി ഏറ്റെടുക്കുമ്പോൾ, 6 ഭൂവുടമകൾക്ക് അവരുടെ ഉപജീവന മാർഗ്ഗവും, 7 ഭൂവുടമകൾക്ക് കൃഷിയിൽ നിന്നുള്ള വരുമാനവും നഷ്ടപ്പെടും.

### 6.5. പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

പദ്ധതി ബാധിത പ്രദേശത്ത് സാമ്പത്തിക പ്രവർത്തനങ്ങൾ ഇല്ല.

### 6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

വയനാട്, കാസർഗോഡ് ജില്ലകൾക്കിടയിൽ ഒരു ഹരിത ഹൈവേ സ്ഥാപിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വിഭാവനം ചെയ്യുന്ന നോർത്ത് ഗ്രീൻ കോറിഡോർ പ്രോജക്ടിൻെറ ഭാഗമായി വയനാട് ജില്ലയിൽ, പയ്യമ്പള്ളിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന 400 kV ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻെറ നിർമ്മാണ പദ്ധതിക്ക് വേണ്ടി മാനന്തവാടി താലൂക്കിൽ പയ്യമ്പള്ളി വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുമ്പോൾ, ആറ് ഭൂവുടമകളുടെ ഉപജീവന മാർഗ്ഗത്തെ

അത് ബാധിക്കും. പ്രത്യേകിച്ച്, കാപ്പി, റബ്ബർ, തേയില തുടങ്ങിയ കൃഷിയിൽ നിന്നുള്ള കുടുംബങ്ങളുടെ ആകെയുള്ള വരുമാനം നഷ്ടമാകും.

### 6.7. കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

സാമൂഹിക സാംസ്കാരിക സംഘടനകകളുടെ വസ്തുവകകളൊന്നും ബാധിക്കപ്പെടുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല.

### 6.8 ഭരണ സംഘടനകൾ

പദ്ധതിപ്രദേശത്ത് ഭരണസംഘടനകളുടെ സ്ഥാപനങ്ങളില്ല.

### 6.9 രാഷ്ട്രീയ സംഘടനകൾ

രാഷ്ട്രീയ സംഘടനകകളുടെ വസ്തുവകകളൊന്നും ബാധിക്കപ്പെടുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല.

### 6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

പൗരസംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

### 6.11. പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ

കേരളം വൈദ്യുതി ക്ഷാമം നേരിടുന്ന ഒരു സംസ്ഥാനമാണ്. സംസ്ഥാനത്ത് വൈദ്യുതി ആവശ്യകത ദിനം പ്രതി വർദ്ധിച്ച് വരികയാണ്. കാസർഗോഡ് ജില്ലയിൽ ആരംഭിക്കാനിരിക്കുന്ന, സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ (SECI) സോളാർ പവർ പാർക്കുകൾ, സംസ്ഥാനത്ത് പ്രത്യേകിച്ച് മലബാർ ഏരിയയിൽ വർദ്ധിച്ച് വരുന്ന വൈദ്യുതി ക്ഷാമത്തിന് ചെറിയൊരു പരിഹാരമാകും എന്ന് പ്രതീക്ഷിക്കുന്നു. കാസർഗോട് ജില്ലയിലെ ചില സ്വകാര്യ സംരഭകരും കുറച്ച് സോളാർ പവർ പ്ലാൻറുകൾ പ്രൊപ്പോസ് ചെയ്തിട്ടുണ്ട്. ഈ പ്ലാൻറുകളിൽ നിന്നെല്ലാമുള്ള വൈദ്യുതിയെ ഇൻറർ സ്റ്റേറ്റ് ട്രാൻസ്മിഷൻ സിസ്റ്റവുമായി (ISTS') ബന്ധിപ്പിക്കുന്നതിനും പ്രസരണ നഷ്ടം കുറക്കുന്നതിനുമായി 400 കെ.വി ലെവലിൽ ഇവാക്വേറ്റ് ചെയ്യേണ്ടതുണ്ട്.

കരിന്തളം 400 kV സബ്സ്റ്റേഷനും, വയനാട് ജില്ലയിലൂടെ പോകുന്ന 400 kV മൈസൂർ-അരീക്കോട് ലൈനും ലിങ്ക് ചെയ്യുന്നതിനും കാസർഗോഡ്, വയനാട് ജില്ലകളിൽ ഉത്പാദിപ്പിക്കുന്ന പുനരുത്പാദന ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള

എനർജി ഇവാക്വേറ്റ് ചെയ്യുന്നതിനും വേണ്ടിയുള്ള ഇൻറർ സ്റ്റേറ്റ് ട്രാൻസ്മിഷൻ സിസ്റ്റത്തിൻെറ (ISTS) ഭാഗമായി വയനാട്, കാസർഗോഡ് ജില്ലകൾക്കിടയിൽ ഒരു നോർത്ത് ഗ്രീൻ കോറിഡോർ (ഹരിത ഹൈവേ) സ്ഥാപിക്കുന്ന പദ്ധതിയുടെ ഭാഗമാണ് വയനാട്, പയ്യമ്പള്ളി, 400 kV ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻെറ നിർമ്മാണം.

നോർത്ത് ഗ്രീൻ കോറിഡോർ പദ്ധതി പൂർത്തികരിക്കുന്നതോട് കൂടി കേരളത്തിൽ വൈദ്യുതി ട്രാൻസ്മിഷനിലുള്ള തിരക്ക് കുറക്കുന്നതിനും, ഏറ്റവും കുറഞ്ഞ റൈറ്റ് ഓഫ് വേ യിൽ ട്രാൻസ്മിഷൻ സിസ്റ്റം വികസിപ്പിക്കുന്നതിൻെറ ഒരു മാതൃക സൃഷ്ടിക്കുന്നതിനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന ഒരു പവർ ഹൈവെ ആയി പ്രവർത്തിക്കുകയും പിന്നീട് നിലവിലുള്ള 400 കെ.വി ലൈനിലൂടെ കോഴിക്കോട്, തൃശൂർ ജില്ലകളേയും ബന്ധിപ്പിക്കുന്നു. അങ്ങനെ വടക്കൻ കേരളത്തിൽ ഉത്പാദിപ്പിക്കുന്ന ഹരിത എനർജി (പുനരുപയോഗ എനർജി) മറ്റ് സ്ഥലങ്ങളിലേക്ക് ഇവാക്വേറ്റ് ചെയ്യാൻ സാധിക്കുന്ന ഇടനാഴിയായി ഇത് പ്രവർത്തിക്കുന്നു. മാത്രമല്ല, ഈ പദ്ധതിക്ക് വേണ്ടി വളരെ കുറച്ച് ഫോറസ്റ്റ് ഭൂമി മാത്രമെ ഉപയോഗിക്കുന്നതിനായി പ്രൊപ്പോസ് ചെയ്തിട്ടുള്ളു.

### 6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

ബസ് റൂട്ട് ഒഴികെയുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങളെല്ലാം തന്നെ പ്രദേശവാസികൾക്ക് ഏറെക്കുറെ പ്രാപ്യമാണ്.

# അദ്ധ്യായം 7

## സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണ സ്ഥാപന സംവിധാനം

### 7.1. ഓരോ പ്രത്യാഘാത ദുരീകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 ലെ വകുപ്പ് 43 ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015, ചട്ടം 22 ഉം നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിൻെറ ഉത്തരവാദിത്തം. സർക്കാരിൻെറയും, പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തൻെറ കീഴിലുള്ള പദ്ധതിയ്ക്കു വേണ്ടി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിൻെറ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്. വയനാട് ജില്ലയിൽ 400 kV ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻെറ നിർമ്മാണ പദ്ധതിക്ക് വേണ്ടി മാനന്തവാടി താലൂക്കിൽ പയ്യമ്പള്ളി വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നതിൻെറ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിക്കപ്പെട്ടിരിക്കുന്നത് വയനാട് കളക്ടർ ആണ്. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ, എൽ.എ. (ജനറൽ), വയനാട് ആണ്.

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ഉം 23/09/2015ൽ പുറപ്പെടുവിച്ച ഉത്തരവ് G.O(MS)No.485/2015/RD പ്രകാരവും കേരള

സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളാണ് ഉണ്ടായിരുന്നത് – ജില്ലാതല കമ്മിറ്റിയും സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റിയും. എന്നാൽ 14.02.2019 ലെ സർക്കാർ ഉത്തരവ് GO (MS)No.56/2019/RD പ്രകാരം സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റി നിറുത്തലാക്കി.

ജില്ലാതല കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുനരഃധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ പ്രതിനിധികൾ

ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ടിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. പദ്ധതിബാധിതരുടെ രേഖകൾ പരിശോധിച്ച് തഹസിൽദാർ അഡ്മിനിസ്ട്രേറ്റർ മുമ്പാകെ സമർപ്പിക്കുന്ന 29/12/2017 തീയതിയിലെ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന പുനരധിവാസ–പുന:സ്ഥാപന പാക്കേജ് പ്രകാരമുള്ള തുക അഡ്മിനിസ്ട്രേറ്റർ സ്ഥലപരിശോധന, വിചാരണ, തെളിവെടുപ്പ് എന്നീ മാർഗങ്ങളിലൂടെ ഉറപ്പ് വരുത്തി ആവശ്യമായ ഭേദഗതികൾ വരുത്തി, ആയതിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. ഇപ്രകാരം തയ്യാറാക്കപ്പെട്ട ലാൻറ് റെവന്യൂ കമ്മീഷണറുടെ അംഗീകാരം നേടിയ ഭൂമിവിലയും, കൂടാതെ ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയ കെട്ടിടവില, വൃക്ഷ വിലയും കൂടി ഉൾപ്പെടുത്തിയ നിയമാനുസൃതമായ നഷ്ടപരിഹാരം ജില്ലാതല കമ്മിറ്റി പദ്ധതി ബാധിത കുടുംബത്തോട് വിശദീകരിക്കും. പദ്ധതി ബാധിത കുടുംബത്തിൻെറ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കും. നിശ്ചയിക്കപ്പെട്ട നഷ്ടപരിഹാരം പദ്ധതി ബാധിത വ്യക്തിക്ക്/ കുടുംബത്തിന് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

**7.2. സർക്കാതിര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടു ക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടനകളെയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനു സൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ൻെറ ചട്ടം 9 ൽ നിർവ്വചിച്ചിരിക്കുന്നു. അതിൻ പ്രകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസ് (ഓട്ടോണോമസ്), കളമശ്ശേരി, എറണാകുളത്തെയാണ് 400 kV ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷൻ നിർമ്മാണ പദ്ധതിക്ക് വേണ്ടി മാനന്തവാടി താലൂക്കിൽ ഉൾപ്പെട്ട പയ്യമ്പള്ളി വില്ലേജിൽ നിന്നുള്ള ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി 2024 ഡിസംബർ 18 തിയ്യതിയിലെ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ 2024 ഡിസംബർ 11 തിയ്യതിയിലെ വിജ്ഞാപനം നമ്പർ G.O.(P)No.312/2024/RD പ്രകാരം സംസ്ഥാന ഗവൺമെൻറിൻെറ റവന്യു (ബി) വകുപ്പ്, ചുമതലപ്പെടുത്തി യിരിക്കുന്നു. ആയതിനാൽ പബ്ലിക് ഹിയറിംഗ് ഉൾപ്പെടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസ് (ഓട്ടോണോമസ്), കളമശ്ശേരി ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു.

**7.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**7.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനു മുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

# അദ്ധ്യായം 8

# സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

**8.1. സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും**

പദ്ധതി നിർമാണത്തിലൂടെ പദ്ധതി ബാധിത ഭൂവുടമകൾക്ക് സ്ഥലം, വീട്, കാപ്പി, തേയില, റബ്ബർ, ഉൾപ്പടെയുള്ള കൃഷി, മാവ്, പ്ലാവ്, തെങ്ങ് ഉൾപ്പെടെയുള്ള ഫല വൃക്ഷങ്ങൾ, മരങ്ങൾ, എന്നിവ നഷ്ടമാവുന്നു. കൂടാതെ, കൃഷി ചെയ്ത് ജീവിക്കുന്ന 13 കുടുംബങ്ങൾക്കും ഉപജീവനമാർഗ്ഗമൊ, വരുമാനമൊ ബാധിക്കപ്പെടും.

പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണത്തിന് വേണ്ടി ചുമതലപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന് ഭൂമിയുടെയും പ്രദേശത്തിൻെറയും പ്രത്യേകതകൾ പരിഗണിച്ച് നിയമാനുസൃതമായ വിലയും ഭൂമിയിലുള്ള ആസ്തികളുടെ വിലയും നിർണ്ണയിക്കുകയും, പദ്ധതി ബാധിതർക്ക് ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ ദൂരീകരിക്കുന്നതിന് ഉതകുന്ന വിധത്തിൽ നഷ്ടപരിഹാരവും പുനരധിവാസ-പുനസ്ഥാപന പാക്കേജും തീരുമാനിക്കുകയും ചെയ്യും.

**8.2. വാർഷിക ബഡ്ജറ്റും ആസൂത്രണ പ്രവർത്തനങ്ങളും**

ബാധകമല്ല

**8.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്**

ബാധകമല്ല

# അദ്ധ്യായം 9
# സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി മേൽനോട്ടവും മൂല്യനിർണ്ണയവും

## 9.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- ഭൂമിയുടെ വിലയും നഷ്ടപരിഹാരവും
- സമയാധിഷ്ടിതമായ ഭൂമിയേറ്റെടുക്കൽ നടപടികൾ
- കുടുംബങ്ങളുടെ ഉപജീവനവും അടിസ്ഥാന സൗകര്യങ്ങളും തടസപ്പെടാത്ത വിധത്തിൽ സമയാധിഷ്ടിതമായ പുന:സ്ഥാപന നടപടികൾ
- പ്രദേശത്തിൻെറ പരിസ്ഥിതിക്ക് ദോഷം വരാത്ത വിധത്തിലുള്ള നിർമ്മാണ പ്രവർത്തനം
- പദ്ധതി പ്രദേശത്തുനിന്നും നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും സമയാധിഷ്ടിതവുമായ നീക്കം ചെയ്യൽ

## 9.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

വയനാട്, കാസർഗോഡ് ജില്ലകൾക്കിടയിൽ ഒരു ഹരിത ഹൈവേ സ്ഥാപിക്കുന്ന തിൻെറ ഭാഗമായി വയനാട് ജില്ലയിലെ പയ്യമ്പള്ളിയിൽ 400 kV ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻെറ നിർമ്മിക്കുന്ന പദ്ധതിക്ക് വേണ്ടി മാനന്തവാടി താലൂക്കിൽ പയ്യമ്പള്ളി വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിൻെറ റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനു മുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും. നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി അഡ്മിനിസ്ട്രേറ്റർ ആയി ചുമതലപ്പെട്ടിരിക്കുന്ന വയനാട് ജില്ലാ കളക്ടർ, പദ്ധതിയുടെ പുനരധിവാസ–പുനസ്ഥാപന സ്കീമിൻെറ തയ്യാറാക്കലിനും നടത്തിപ്പിനും നിരീക്ഷണത്തിനും ചുമതലപ്പെട്ടിരിക്കുന്നു. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ

എൽ.എ. (ജനറൽ), വയനാട് ആണ്. അഡ്മിനിസ്ട്രേറ്ററുടെ കീഴിൽ സ്പെഷ്യൽ തഹസിൽദാർ തയ്യാറാക്കുന്ന പുനഃരധിവാസ–പുനഃസ്ഥാപന സ്കീമിന്റെ കരട് രേഖ ജില്ലാതല പുനരധിവാസ പുനസ്ഥാപന കമ്മിറ്റി അന്തിമമാക്കുകയും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകാരം നൽകുകയും ചെയ്യണം.

## 9.3. സ്വതന്ത്ര വിലയിരുത്തലിനുള്ള പദ്ധതി

ബാധകമല്ല

# അദ്ധ്യായം 10

# നേട്ടങ്ങളും നഷ്ടങ്ങളും – അപഗ്രഥനം, ശുപാർശകൾ

## 10.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

നോർത്ത് ഗ്രീൻ കോറിഡോർ പ്രോജക്ടിൻെറ ഭാഗമായി വയനാട് ജില്ലയിൽ മാനന്തവാടി മുനിസിപ്പാലിറ്റി പരിധിയിൽ പയ്യമ്പള്ളി പ്രദേശത്ത് 400 kV ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻെറ നിർമ്മാണം പൂർത്തീകരിച്ച്, വയനാട്, കാസർഗോഡ് ജില്ലകളിൽ സോളാർ പ്ലാൻറുകളിലൂടെയും മറ്റും ഉത്പാദിപ്പിക്കുന്ന പുനരുത്പാദന വൈദ്യുതി, നോർത്ത് ഗ്രീൻ കോറിഡോറിലൂടെ മറ്റ് ജില്ലകളിലേക്ക് ഇവാക്വേറ്റ് ചെയ്ത്, നിലവിൽ സംസ്ഥാനത്ത് അനുഭവപ്പെട്ട് കൊണ്ടിരിക്കുന്ന പ്രസരണത്തിലെ ഓവർലോഡ് മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്കും സംസ്ഥാനത്തെ പ്രത്യേകിച്ച് വടക്കൻ ജില്ലകളിലെ വൈദ്യുതി ക്ഷാമത്തിനും പരിഹാരമാകുക എന്നതാണ് പദ്ധതിയുടെ പ്രഥമ ലക്ഷ്യം. കൂടാതെ, നോർത്ത് ഗ്രീൻ കോറിഡോർ പദ്ധതി പൂർത്തികരിക്കുന്നതോട് കൂടി കേരളത്തിൽ വൈദ്യുതി ട്രാൻസ്മിഷനിലുള്ള തിരക്ക് കുറക്കുന്നതിനും, ഏറ്റവും കുറഞ്ഞ റൈറ്റ് ഓഫ് വേ യിൽ ട്രാൻസ്മിഷൻ സിസ്റ്റം വികസിപ്പിക്കുന്നതിൻെറ ഒരു മാതൃക സൃഷ്ടിക്കുന്നതിനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന ഒരു പവർ ഹൈവെ ആയി പ്രവർത്തിക്കുകയും പിന്നീട് നിലവിലുള്ള 400 കെ.വി ലൈനിലൂടെ കോഴിക്കോട്, തൃശൂർ ജില്ലകളേയും ബന്ധിപ്പിക്കുന്നു. അങ്ങനെ വടക്കൻ കേരളത്തിൽ ഉത്പാദിപ്പിക്കുന്ന ഹരിത എനർജി (പുനരുപയോഗ എനർജി) മറ്റ് സ്ഥലങ്ങളിലേക്ക് ഇവാക്വേറ്റ് ചെയ്യാൻ സാധിക്കുന്ന ഇടനാഴിയായി ഇത് പ്രവർത്തിക്കുന്നു. മാത്രമല്ല, ഈ പദ്ധതിക്ക് വേണ്ടി വളരെ കുറച്ച് ഫോറസ്റ്റ് ഭൂമി മാത്രമെ ഉപയോഗിക്കുന്നതിനായി പ്രൊപ്പോസ് ചെയ്തിട്ടുള്ളു. ആയതിനാൽ, ഈ ഒരു പൊതു ആവശ്യത്തിലേക്കായി ഏറ്റവും കുറവ് സ്ഥലം (4.9472 ഹെക്ടർ) മാത്രമാണ് ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നത് എന്നാണ് പഠന സംഘത്തിന് മനസിലാക്കാൻ സാധിച്ചിട്ടുള്ളത്. നിലവിലെ അലൈൻമെൻറ് പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക്

കൈവശമായ സ്ഥലത്തിൽ കുറവ് വരുക, വീട് നഷ്ടപ്പെടുക, കുടിയൊഴിപ്പിക്കപ്പെടുക, കൃഷി നഷ്ടപ്പെടുക, വരുമാനം നഷ്ടപ്പെടുക, കുടുംബങ്ങൾക്ക് ഉപജീവന മാർഗ്ഗം നഷ്ടപ്പെടുക തുടങ്ങിയ ആഘാതങ്ങൾ ഉണ്ടാവുന്നുണ്ട് എങ്കിലും സർവ്വെയിൽ പങ്കെടുത്ത എല്ലാ പദ്ധതി ബാധിത ഭൂവുടമകൾക്കും പ്രദേശവാസികൾക്കും പദ്ധതിയോട് വളരെ അനുകൂല മനോഭാവമാണെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. നിലവിൽ ഭൂവുടമകൾക്കുള്ള പ്രധാന ആശങ്ക പദ്ധതി വൈകുന്നതുമായി ബന്ധപ്പെട്ടാണ്. വൈകുന്നത് മൂലം പദ്ധതിബാധിത ഭൂമിയിൽ അവർക്ക് കൃഷി ചെയ്യാനും മറ്റും സാധിക്കുന്നില്ല. അതിനാൽ നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പദ്ധതി എത്രയും പെട്ടെന്ന് തന്നെ നടപ്പിലാക്കേണ്ടതാണ്.

### 10.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

വയനാട് ജില്ലയിൽ മാനന്തവാടി മുനിസിപ്പാലിറ്റി പരിധിയിൽ പയ്യമ്പള്ളി പ്രദേശത്ത് 400 kV ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് വേണ്ടി മാനന്തവാടി താലൂക്കിൽ ഉൾപ്പെട്ട പയ്യമ്പള്ളി വില്ലേജിൽ നിന്ന് ഏകദേശം 4.9472 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിൻെറ അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾ, ചെറുതും വലുതുമായ പ്രത്യാഘാതങ്ങൾ ഭൂവുടമകൾക്കുണ്ടാകാമെങ്കിലും പദ്ധതി ജില്ലയിലെ മാത്രമല്ല സംസ്ഥാനത്തിൻെറ തന്നെ വൈദ്യുതി മാനേജ്മെൻറിൽ വലിയ മാറ്റമുണ്ടാക്കുമെന്നതിനാൽ ഭൂവുടമകൾ ഉൾപ്പടെയുള്ള പ്രദേശവാസികൾക്ക് പദ്ധതിയോട് അനുകൂല മനോഭാവമാണുള്ളത് എന്ന് പഠന സംഘം മനസിലാക്കുന്നു. ആയതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, പ്രസ്തുത നിയമത്തിൻെറയും ചട്ടങ്ങളുടെയും വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(MS)No.448/2017/RD പ്രകാരവും നഷ്ടപരിഹാരവും, പുനരധിവാസ-പാക്കേജും പദ്ധതിബാധിതർക്ക് നൽകുന്നതിലൂടെ ഭൂമി ഏറ്റെടുക്കൽ മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ

ലഘൂകരിക്കാവുന്നതാണ്. ആയതിനാൽ കുടുംബങ്ങൾക്ക് നിയമാനുസൃതമായ നഷ്ടപരിഹാരം, യഥാസമയം നൽകിയും താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് കൊണ്ടും ഭൂമി ഏറ്റെടുക്കൽ നടപടികൾ നടപ്പിലാക്കാവുന്നതാണ് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം ശുപാർശ ചെയ്യുന്നു.

- പദ്ധതിബാധിതമാകുന്ന പ്രദേശത്ത് 3 വർഷക്കാലമായി ഉപജീവനം നടത്തുന്ന കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗം ബാധിക്കപ്പെടുന്നുണ്ടെങ്കിൽ വിശ്വസനീയമായ തെളിവിന്റെ അടിസ്ഥാനത്തിൽ പുനരധിവാസ–പുനസ്ഥാപന പാക്കേജിന് പരിഗണിക്കുക

- ഉപജീവനമാർഗം നഷ്ടമാകുന്ന കുടുംബങ്ങൾക്ക് അവരുടെ ദൈനംദിന ജീവിതാവശ്യങ്ങൾക്ക് ഭംഗം നേരിടാതിരിക്കുന്നതിന് സമയാധിഷ്ടിതമായി നഷ്ടപരിഹാരം നൽകുക.

- ഏറ്റെടുക്കലിനുശേഷം അവശേഷിക്കുന്ന സ്ഥലം പുനരുപയോഗത്തിന് സാധ്യമല്ല എന്ന കുടുംബങ്ങളുടെ പരാതിയുടെ നിജസ്ഥിതി പരിശോധിച്ച് സാധ്യമെങ്കിൽ ടി സ്ഥലം കൂടി ഏറ്റെടുക്കലിൽ പരിഗണിക്കുകയോ സാധ്യമായ മറ്റ് നടപടികൾ കൈക്കൊള്ളുകയോ ചെയ്യുക.

- വർഷങ്ങളായി ഭൂമി ഏറ്റെടുക്കലിനായി കല്ലുകൾ സ്ഥാപിച്ചതിനാൽ പ്രസ്തുത കാലഘട്ടം മുതൽ ടി സ്ഥലവുമായി ബന്ധപ്പെട്ടുള്ള വ്യവഹാരങ്ങൾ തടസപ്പെട്ടതിനാൽ കുടുംബങ്ങൾ ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുന്നു എന്ന ഭൂവുടമകളുടെ പരാതിയുടെ നിജസ്ഥിതി പരിശോധിക്കുകയും നഷ്ടപരിഹാര നടപടികളിൽ സാധ്യമായ പരിഗണന നൽകുകയും ചെയ്യുക.

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടി ശല്ല്യവും യന്ത്ര സാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ മുൻപേതന്നെ ആസൂത്രണം ചെയ്യണം.

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയ മായി യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷ തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പദ്ധതിയും നഷ്ടപരിഹാര നടപടികളും കാലതാമസം കൂടാതെ നടപ്പിലാക്കുക.

## സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013
2. കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യത യ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
3. കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരി ഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
4. കേരള സർക്കാർ റവന്യൂ(ബി)വകുപ്പിൻെറ 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജ് തീരുമാനി ക്കുന്നതിനുള്ള നയം.
5. 2024 ഡിസംബർ 18 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 4013 ൽ പ്രസിദ്ധപ്പെടുത്തിയ റവന്യു (ബി) വകുപ്പിൻെറ ഡിസംബർ 11 തീയതിയിലെ വിജ്ഞാപനം നമ്പർ G.O.(P)No.312/2024/RD.

# സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണം

# അദ്ധ്യായം 11

# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

### 11.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം വിവിധ ഘട്ടങ്ങളിലായാണ് പദ്ധതിയുടെ പ്രത്യാഘാതം വിലയിരുത്തിക്കൊണ്ടിരിക്കുന്നത്. ആദ്യഘട്ടത്തിൽ 09.01.2025 തീയതിയിൽ പദ്ധതിപ്രദേശത്ത് ഒരു പ്രാഥമിക സന്ദർശനം നടത്തി പ്രദേശത്തിൻെറ പ്രത്യേകതകളും, പ്രധാനമായും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും പൊതുവിൽ വിലയിരുത്തുകയും പ്രദേശത്ത് താമസിക്കുന്ന പദ്ധതിബാധിത കുടുംബങ്ങളിൽ മുൻപേ തയ്യാറാക്കിയ സാമൂഹ്യ-സാമ്പത്തിക സർവേ ചോദ്യാവലി ഉപയോഗിച്ച് വിവരശേഖരണം നടത്തുകയും ചെയ്തു.

പഠനത്തിൻെറ അടുത്ത ഘട്ടമായി 10.04.2025 തീയതിയിൽ പയ്യമ്പള്ളി ഐക്യദീപം വായന ശാല ഹാളിൽ വച്ച് രാവിലെ 10.30 മണിക്ക് ഒരു പബ്ലിക് ഹിയറിങ്ങ് സംഘടിപ്പിച്ചു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം സർവ്വെയിലൂടെ ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്തും, പദ്ധതിയെക്കുറിച്ച് അർത്ഥനാധികാരിയിൽ നിന്നും ലഭിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയും തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിൻെറ കരട് രേഖ പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിക്കുകയും, ടി റിപ്പോർട്ടിലേക്ക് ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും നിർദ്ദേശിക്കുന്നതിന് പദ്ധതിബാധിത ഭൂവുടമ കൾക്ക് അവസരം നൽകുകയും ചെയ്തു. ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും അർത്ഥനാധികാരിയുടെ കാര്യാലയത്തിൽ നിന്നുമുള്ള ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യവും പബ്ലിക് ഹിയറിങ്ങിൽ ഉണ്ടായിരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് പദ്ധതിബാധിതർ ഉന്നയിച്ച ചോദ്യങ്ങൾക്ക് ഉദ്യോഗസ്ഥർ പബ്ലിക് ഹിയറിങ്ങിൽ മറുപടി നൽകി.

### 11.2. ആഘാതം ഒഴിവാക്കുവാനോ, ലഘൂകരിക്കുവാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി, അതായത് 400 കെ.വി ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ ഉൾപ്പെട്ട

പയ്യമ്പള്ളി വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള ഭൂമി നഷ്ടപ്പെടുക/അളവ് കുറയുക, വീട് നഷ്ടപ്പെടുക, കുടിയൊഴിപ്പിക്കപ്പെടുക, കൃഷി, ഫല വൃക്ഷങ്ങൾ / മരങ്ങൾ നഷ്ടപ്പെടുക, വരുമാനം നഷ്ടപ്പെടുക, ഉപജീവനമാർഗം നഷ്ടപ്പെടുക തുടങ്ങിയ വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യ തയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, ടി നിയമത്തിന്റെയും ചട്ടത്തിന്റെയും വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിന്റെ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/ 2015/RD പ്രകാരവും, 29/12/2017തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരവും കേരള സർക്കാർ പുറപ്പെടുവിച്ച പോളിസികൾ പ്രകാരവുമുള്ള നഷ്ട പരിഹാരവും, പുനരധിവാസ–പാക്കേജും പദ്ധതി ബാധിതർക്ക് നൽകുക.

- പദ്ധതിബാധിതമാകുന്ന പ്രദേശത്ത് 3 വർഷക്കാലമായി ഉപജീവനം നടത്തുന്ന കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗം ബാധിക്കപ്പെടുന്നുണ്ടെങ്കിൽ വിശ്വസനീയമായ തെളിവിന്റെ അടിസ്ഥാനത്തിൽ പുനരധിവാസ–പുനസ്ഥാപന പാക്കേജിന് പരിഗണിക്കുക

- ഉപജീവനമാർഗം നഷ്ടമാകുന്ന കുടുംബങ്ങൾക്ക് അവരുടെ ദൈനംദിന ജീവിതാവശ്യങ്ങൾക്ക് ഭംഗം നേരിടാതിരിക്കുന്നതിന് സമയാധിഷ്ടിതമായി നഷ്ടപരിഹാരം നൽകുക.

- ഏറ്റെടുക്കലിനുശേഷം അവശേഷിക്കുന്ന സ്ഥലം പുനരുപയോഗത്തിന് സാധ്യമല്ല എന്ന കുടുംബങ്ങളുടെ പരാതിയുടെ നിജസ്ഥിതി പരിശോധിച്ച് സാധ്യമെങ്കിൽ ടി സ്ഥലം കൂടി ഏറ്റെടുക്കലിൽ പരിഗണിക്കുകയോ സാധ്യമായ മറ്റ് നടപടികൾ കൈക്കൊള്ളുകയോ ചെയ്യുക.

- വർഷങ്ങളായി ഭൂമി ഏറ്റെടുക്കലിനായി കല്ലുകൾ സ്ഥാപിച്ചതിനാൽ പ്രസ്തുത കാലഘട്ടം മുതൽ ടി സ്ഥലവുമായി ബന്ധപ്പെട്ടുള്ള വ്യവഹാരങ്ങൾ തടസപ്പെട്ടതിനാൽ കുടുംബങ്ങൾ ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുന്നു എന്ന

ഭൂവുടമകളുടെ പരാതിയുടെ നിജസ്ഥിതി പരിശോധിക്കുകയും നഷ്ടപരിഹാര നടപടികളിൽ സാധ്യമായ പരിഗണന നൽകുകയും ചെയ്യുക.

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടി ശല്ല്യവും യന്ത്ര സാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ മുൻപേതന്നെ ആസൂത്രണം ചെയ്യണം.

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയ മായി യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷ തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

- നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പദ്ധതിയും നഷ്ടപരിഹാര നടപടികളും കാലതാമസം കൂടാതെ നടപ്പിലാക്കുക.

**11.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ട പരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിൽ G.O(MS)No.485/2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(MS) No.448/2017/ RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനും പുനഃരധിവാസ – പുനഃസ്ഥാപന പാക്കേജിനുള്ള പോളിസികൾ പ്രകാരവുമുള്ള നടപടിക്രമങ്ങൾ നടാൽ പാലം, അനുബന്ധ റോഡ് നിർമ്മിക്കുന്നതിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിയ്ക്ക് ബാധകമാണ്.

**11.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ**

പദ്ധതിരേഖയിൽ പ്രത്യേകമായി ഉൾപ്പെടുത്തുന്ന നടപടികളെകുറിച്ച് അർത്ഥനാധികാരി നിർദ്ദേശിച്ചിട്ടില്ല.

## 11.5. സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

പദ്ധതിയുടെ രൂപരേഖയിൽ മാറ്റങ്ങൾ ഒന്നും നിർദ്ദേശിക്കപെട്ടിട്ടില്ല. കുടുംബങ്ങൾക്ക് പ്രത്യാഘാതങ്ങൾ കഴിയുന്നത്ര കുറവ് വരുന്ന വിധത്തിൽ ആണ് രൂപരേഖ തയ്യാറാക്കപ്പെട്ടിട്ടുള്ളത് എന്ന് പഠനസംഘം വിലയിരുത്തുന്നു.

## 11.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധി വാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിച്ചു കൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെ ടുക്കൽ നടപടികൾക്കായി 23.09.2015 ൽ പുറപ്പെടുവിച്ച G.O(MS) No.485/2015/RD പ്രകാരവും പദ്ധതി കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(MS)No.448/2017/RD പ്രകാരവും പദ്ധതിബാധിതർക്ക് നഷ്ടപരിഹാരം, പുനരധിവാസ-പുനസ്ഥാപന പാക്കേജ് എന്നിവ നൽകുന്നതിലൂടെ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ ലഭ്യമായ വിവരങ്ങൾ വിശക ലനം ചെയ്തതിൻെറ അടിസ്ഥാനത്തിൽ ഈ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു.

പട്ടിക 11.6.1 സാമൂഹ്യ പ്രത്യാഘാത ലഘൂകരണപദ്ധതി

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന പ്രത്യാഘാതം | പ്രത്യാഘാത ലഘൂകരണം | സമയക്രമം | നിരീക്ഷണ സൂചികകൾ |
|---|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃ സ്ഥാപനത്തിനുമുള്ള ചട്ടം 2015 പ്രകാരമുള്ള സമയക്രമം | ന്യായമായ ഭൂമി വിലയും നിയമാധിഷ്ടിതമായ മറ്റ് ആനുകൂല്യങ്ങളും നൽകുന്നു എന്ന് ഭൂവുടമകളെ ബോധ്യപ്പെടുത്തൽ |
| 2 | വീട് നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്ന്, രണ്ട് പട്ടികകൾ പ്രകാരവും അനുബന്ധമായ കേരള സംസ് ഥാന സർക്കാരിന്റെ പോളിസി കൾ പ്രകാരവുമുള്ള നഷ്ട പരിഹാരം നൽകുക | | പദ്ധതിബാധിതമാകുന്ന വീട്ടിൽ വളരെ വർഷങ്ങളായി താമസിക്കുന്ന കുടുംബത്തിന് മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ പുനരധിവാസ-പുനസ്ഥാപന പാക്കേജിന് പരിഗണനന |
| 3 | ഉപജീവനമാർഗം നഷ്ടമാകൽ | RFCTLARR നിയമം 2013 രണ്ടാം പട്ടികപ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള പുനഃരധിവാസ – പുനഃസ്ഥാ പന പാക്കേജ് നൽകുക | | കുടുംബങ്ങളുടെ ഉപജീവന മാർഗത്തിന് ഭംഗം നേരിടാതിരിക്കുന്നതിന് മതിയായ പരിഗണന നൽകുക. ജില്ലാ ഭരണകൂടവുമായി ആലോചിച്ച് സാധ്യമായ പുനരധിവാസ നടപടികൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കും |
| 4 | വരുമാനം നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | | ന്യായമായ നഷ്ടപരിഹാരം നൽകുന്നു എന്ന് ഭൂവുടമകളെ ബോധ്യപ്പെടുത്തൽ |
| 4 | കെട്ടിടങ്ങൾ ഉൾപ്പടെ വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം | RFCTLARRനിയമം2013 ഒന്നാംപട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാര വുമുള്ള നഷ്ടപരിഹാരം നൽകുക | | ഭൂവുടമകളുടെ സാന്നിധ്യത്തിൽ ആസ്തികളുടെ കണക്കെടുപ്പ് നടത്തുകയും അവയുടെ മൂല്യനിർണ്ണയ നടപടികൾ കൃത്യമായി ഉടമകളെ ബോധ്യപ്പെടുത്തുകയും ചെയ്യുക |

| | | | | |
|---|---|---|---|---|
| 5 | പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം. | പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഭൂവുടമകളുടെ വസ്തുവകകളി ലേക്കുള്ള പ്രവേശനം തടസ്സ പ്പെടാതിരിക്കുന്നതിനുള്ള മർഗങ്ങൾ മുൻപേ ആസൂത്രണം ചെയ്യുക. | | പദ്ധതിമൂലം ആരുടെയും സഞ്ചാരസ്വാതന്ത്ര്യവും, വസ്തുവകകളിലേക്കുള്ള പ്രവേശനവും നഷ്ടമാകുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |
| 6 | തുടർന്നുള്ള ഉപയോഗത്തിന് ഏറ്റെടുക്കലിനുശേ ഷം അവശേ ഷിക്കുന്ന ഭൂമിയുടെ അപര്യാപ്തത | ഭൂമിയുടെ നിജസ്ഥിത് പരിശോധിച്ച് നിയമത്തിന്റെ പരിധിക്കുള്ളിൽ സാധ്യമായ നടപടികൾ സ്വീകരിക്കുക | | ഭൂവുടമയ്ക്ക് ഉണ്ടായേക്കാനിടയുള്ള പ്രത്യാഘാതങ്ങൾക്ക് മതിയായ പരിഗണന |
| 7 | വൃക്ഷങ്ങൾ നഷ്ടമാകൽ | പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. | | പദ്ധതി പ്രദേശത്തെ പരിസ്ഥിതിക്ക് കോട്ടം വരുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |
| 8 | നിർമ്മാണ മാലിന്യങ്ങൾനിർ മ്മാർജനം ചെയ്യാതിരിക്കൽ | നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയവും സമയാധിഷ്ടി തവുമായിനിർമ്മാർജനം ചെയ്യുക | പദ്ധതി നിർമ്മാണ ഘട്ടത്തിനു മുമ്പേ മാലിന്യ നിർമ്മാർ ജനം ആസൂത്രണം ചെയ്യുക | പ്രദേശത്തിന്റെ പരിസ്ഥിതിക്ക് ദോഷം ഉണ്ടാകാത്ത വിധത്തിൽ പദ്ധതി നിർവ്വഹണത്തിനു മുൻപേ നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയമായും സമയാധിഷ്ടിതമായും നീക്കം ചെയ്യും എന്ന് ഉറപ്പ് വരുത്തുക |

**11.7.സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും.**

ബാധകമല്ല